www.malankaralibrary.com

# സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര കത്തോലിക്കാ ദൈവാലയം

മണ്ണാരക്കുളഞ്ഞി





# നിറവ്

1933 - 2023

## നവതി സ്മരണിക

www.malankaralibrary.com






www.malankaralibrary.com




സുവിശേഷത്തിന്റെ
ഭാരതപ്രവേശകൻ
വിശുദ്ധ തോമാ ശ്ലീഹാ

www.malankaralibrary.com



വിശ്വാസ ധാർമ്മികതയുടെ
നവീന വക്താവ്
പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ

www.malankaralibrary.com



പുനരൈക്യത്തിന്റെ രാജശിൽപ്പി
ദൈവദാസൻ മാർ ഇവാനിയോസ്

www.malankaralibrary.com



കർദ്ദിനാൾ ബസേലിയോസ്
ക്ലീമീസ് കാതോലിക്കാ ബാവാ

www.malankaralibrary.com



അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ
(പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ)

www.malankaralibrary.com



അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റോം മെത്രാപ്പോലീത്താ

(പ്രഥമ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ)

www.malankaralibrary.com



റവ. ഫാ. ഏബ്രഹാം മണ്ണിൽ
(ഇടവക വികാരി)



സജു തോമസ്
കണ്ണൻമണ്ണിൽ
നവതി കൺവീനർ



റിജോ മാത്യു
കളീക്കൽ
(ഇടവക ട്രസ്റ്റി)



സിനോയ് തോമസ്
മുടയ്ക്കമണ്ണിൽ
(ഇടവക സെക്രട്ടറി)



തോമസ് കോശി
(പ്രധാന ശുശ്രൂഷകൻ)

www.malankaralibrary.com

# ഇടവക – നവതി സംയുക്ത കമ്മിറ്റി


അഡ്വ. പി.ജെ. ഏബ്രഹാം
പുറത്തൂട്ട്


സൂസമ്മ കോശി
ചിറക്കടവിൽ


സജു തോമസ്
കണ്ണൻമണ്ണിൽ


ജോസഫ് സാമുവൽ
ഇളവുംമഠത്തിൽ


ജോഷി സി. തോമസ്
ചരിവുപുരയിടത്തിൽ


വർഗ്ഗീസ് എം. മാത്യു
മൺപുരയിടത്തിൽ


സിബി തോമസ്
തെക്കേവീട്ടിൽ


ജെസ്‌ലിൻ ജോസഫ്
പറപ്പള്ളിൽ


ജോസ് കളീക്കൽ


ജോർജ്ജ് മാത്യു
കണ്ണൻമണ്ണിൽ


എലിസബത്ത് കുര്യൻ
മണിപറമ്പിൽ


ലിന്റോ തോമസ്
മണിപറമ്പിൽ


സൂസൻ സണ്ണി
മണിപറമ്പിൽ


ബെന്നി കളീക്കൽ


ജോബി റ്റി.എം.
തോണിപ്പാറയ്ക്കൽ


പ്രിയ വർഗീസ്
കളീക്കൽ


ജോയി മത്തായി
മണിപറമ്പിൽ


ജെസ്സി ജോയി
മണിപറമ്പിൽ


മെൽവിൻ മനോജ്
വരിക്കോലിൽ

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

16-11-2023

## അനുഗ്രഹ സന്ദേശം

പത്തനംതിട്ട രൂപതയിലെ മണ്ണാറക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര സുറിയാനി കത്തോലിക്കാ ഇടവക നവതിയിലേക്ക് പ്രവേശിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. 1933-ൽ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി ഈ ദൈവാലയം സ്ഥാപിച്ചു എന്നത് നന്മയുടെ വലിയ അനുഗ്രഹം! പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടത്തിൽ സ്ഥാപിതമായ ഈ ഇടവക കൂട്ടായ്മ ആദ്ധ്യാത്മികമായും വിശ്വാസപരമായും ഏറെ ശക്തിപ്പെടുകയും മറ്റുള്ളവർക്ക് മാതൃകയായി വളരുകയും ചെയ്യുന്നു എന്നത് സന്തോഷം പകരുന്നതാണ്. ആദ്യകാലങ്ങളിൽ ഈ ഇടവക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയ ദിവംഗതനായ ബഹു. ഗീവർഗ്ഗീസ് ചരുവിലേത്ത് അച്ചനെയും അംഗങ്ങളായിരുന്ന വിവിധ കുടുംബങ്ങളെയും തുടർന്ന് ഈ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെട്ട മറ്റു കുടുംബങ്ങളെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഇക്കഴിഞ്ഞ ആഗോള സിനഡിലൂടെ വിഭാവനം ചെയ്യുന്നത് വിശാലവും സംഘാതാത്മകവുമായ ഒരു പുതിയ സഭാദർശനമാണ്. ഈ ദർശനത്തോട് ഉൾച്ചേർന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭ ആദ്ധ്യാത്മിക ഉണർവിനായി ദിവ്യകാരുണ്യ കോൺഗ്രസ്സും മറ്റ് ആദ്ധ്യാത്മിക പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇന്ന് ആഗോളസഭ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾക്ക് ഉത്തമമായ ഉത്തരം കണ്ടെത്തി സഭയെ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് നമ്മുടെ ഇടവകാംഗങ്ങൾ ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നവതിയുടെ ഈ വേളയിൽ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനിക്കും ഇടവക വികാരി ബഹു. ഏബ്രഹാം മണ്ണിൽ അച്ചനും, ഇടവക ഭരണസമിതിയംഗങ്ങൾ, ഇടവകാംഗങ്ങൾ ഏവർക്കും ഹൃദയപൂർവ്വം ആശംസകൾ നേരുന്നു.

ദൈവം നിങ്ങളെയേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

**MOST REV. DR. SAMUEL MAR IRENIOS**
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail:diocesepta@gmail.com (O)
bishopmarirenios@gmail.com (P)

### ആശംസ

മണ്ണാറക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര കത്തോലിക്കാ ഇടവകയുടെ നവതി ആഘോഷത്തിന്റെ ഭാഗമായി ഇടവകയുടെ ചരിത്രവും വളർച്ചയുടെ ഘട്ടങ്ങളും വിവിധ ശുശ്രൂഷകളും ഉൾപ്പെടുത്തി സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആഹ്ലാദത്തിന്റയും അഭിമാനത്തന്റെയും കൃതജ്ഞതയുടെയും വികാരങ്ങൾ സമ്മേളിക്കുന്ന ഈ അവസരത്തിൽ അർത്ഥപൂർണ്ണമായ ആഘോഷ പരിപാടികൾ ആസൂത്രണം ചെയ്ത ബഹുമാനപ്പെട്ട വികാരി എബ്രഹാം മണ്ണിൽ അച്ചനെയും കമ്മറ്റി അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ സ്മാരക ഗ്രന്ഥം മുതിർന്നവർക്ക് പഴയ ഓർമ്മകൾ അയവിറക്കാനും വരും തലമുറയ്ക്ക് പുതുചൈതന്യവും ദിശാബോധവും ഉൾക്കൊള്ളാനും സഹായകമാകുമെന്നതിൽ സംശയമില്ല.

ഏഴ് കുടുംബങ്ങളുമായി പരിശുദ്ധ ദൈവമാതാവിന്റ നാമത്തിൽ തുടക്കം കുറിച്ച ഈ ആരാധനാ സമൂഹത്തിന് നേതൃത്വം നൽകിയ ബഹു. ഗീവർഗീസ് ചരുവിളേത്തച്ചനെയും ആദ്യനാളുകളിൽ ഈ കൂട്ടായ്മയിൽ വിശ്വാസദീപതി ആളികത്തിച്ച മൈലപ്ര അച്ചൻ എന്ന തെങ്ങുംതറമേടയിൽ എ. ജി. എബ്രഹാം അച്ചനെയും ആദരവോടെ അനുസ്മരിക്കാം. 1961-ൽ ബഹു. തോമസ് കരിയിൽ അച്ചൻ വികാരിയായിരുന്നപ്പോൾ ഇപ്പോഴത്തെ ദേവാലയത്തിന്റെ പണിപൂർത്തീകരിക്കുകയും ഭാഗ്യസ്മരണാർഹനായ അഭി. ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സ്വർണ്ണനാവുകാരനായ വി. ജോൺ ക്രിസോസ്റ്റമിന്റെ നാമത്തിൽ സമർപ്പിക്കുകയും ചെയ്തു. 1978-ൽ ദേവാലയത്തിന് സമീപം സ്ഥാപിതമായ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശടി അനേകർക്ക് പരിശുദ്ധ അമ്മ വഴിയുള്ള കൃപകൾക്ക് നിമിത്തമാകുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

നാളിതുവരെ വികാരിമാരായിരുന്ന് ഈ ഇടവകയെ പടുത്തുയർത്തിയ ബഹുമാനപ്പെട്ട അച്ചന്മാരെയും ഈ ഇടവകയുടെ വളർച്ചയ്ക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ച ബഹുമാനപ്പെട്ട സിസ്റ്റർസിനെയും മറക്കാതിരിക്കാം. ട്രസ്റ്റി - സെക്രട്ടറിമാരായും, കമ്മറ്റി അംഗങ്ങളായും വിവിധ സംഘടനകൾക്കും ശുശ്രൂഷകൾക്കും നേതൃത്വം നല്കി ഇടവകയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ഓരോരുത്തരെയും കടപ്പാടോടെ അനുസ്മരിക്കാം. ഇവിടെ നിന്ന് ദൈവവിളി സ്വീകരിച്ച് വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാം. ഈ ഇടവകയോട് ചേർന്ന് നിന്ന് പ്രോത്സാഹനവും പിൻബലവും നല്കിയ നാട്ടുകാരെയും സഹോദരീ സഭാസമൂഹങ്ങളെയും ഹൃദയപൂർവ്വം ഓർമ്മിക്കാം.

ഈ നവതിയാഘോഷം ആത്മീയ പുനസമർപ്പണത്തിനുള്ള അവസരമായി പരിണമിക്കട്ടെയെന്നാശംസിക്കുന്നു. മണ്ണാറക്കുളഞ്ഞി ഇടവകയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഈ നവതി ആഘോഷവും ഓർമ്മകളെ കോർത്തിണക്കുന്ന സ്മരണികയും സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു

സ്നേഹപൂർവ്വം,

✠ **സാമുവേൽ മാർ ഐറേനിയോസ്**
**പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ**

MOST. REV. DR. SAMUEL MAR IRENIOS
DIOCESE OF PATHANAMTHITTA

ജനുവരി 02, 2023
പത്തനംതിട്ട

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
(BISHOP JOHN KALLOOR)
BISHOP EMERITUS

CHEEKANAL, OMALLOOR P.O.,
PATHANAMTHITTA - 689 647
KERALA, INDIA
E-MAIL : bpdiopta@gmail.com

3rd January 2024

## ആശംസ

നവതിയുടെ നിറവിൽ ആയിരിക്കുന്ന മണ്ണാറക്കുളഞ്ഞി വിശുദ്ധ ജോൺ ക്രിസോസ്റ്റം മലങ്കര കത്തോലിക്ക ദൈവാലയത്തിന് എല്ലാവിധമായ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

1933 - ൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേയതാവായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ അനുഗ്രഹ ആശിർവാദത്തോടുകൂടി, ബഹുമാനപ്പെട്ട ഗീവർഗീസ് ചരുവിലേത്ത് കശീശയുടെ ആത്മീയ നേതൃത്വത്തിൽ സ്ഥാപിതമായ ഈ ഇടവക കൂട്ടായ്മയുടെ ഇന്നുവരെയുള്ള വളർച്ച വളരെയേറെ പ്രശംസാർഹമായ ഒന്നാണ്. സഭയോടൊത്ത് എല്ലാ അർത്ഥത്തിലും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ് ഈ വളർച്ചയുടെ പിന്നിലെ കാരണം.

കഴിഞ്ഞ 90 വർഷങ്ങളിലായി ഈ ഇടവകയിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ചിട്ടുള്ള എല്ലാ വൈദികരെയും, സന്യസ്ഥരെയും അവരോടൊപ്പം പ്രവർത്തിച്ച സമർപ്പിതരെയും, അല്മായ ശ്രേഷ്ഠരേയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

പ്രത്യേകിച്ച് ഈ ഇടവക സമൂഹത്തിന് ഇപ്പോൾ നേതൃത്വം കൊടുത്തു കൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട എബ്രഹാം മണ്ണിൽ അച്ചന്റെ അനുഗ്രഹീതമായ ശുശ്രൂഷയെ ഞാൻ ശ്ലാഹിക്കുന്നു. ഇടവകയുടെ നാനാവിധമായ വളർച്ചയ്ക്ക് അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിശ്വാസ സമൂഹത്തിന് നന്മയും അനുഗ്രഹവും നേരുന്നു. ഇങ്ങനെ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരെയും ഒരിക്കൽ കൂടി നന്ദിയോടെ ഓർക്കുന്നു.

*പ്രാർത്ഥനാപൂർവ്വം,*

+ Ym. Chrysostom

*യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത*

MOST. REV. YOOHANON MAR CHRYSOSTOM * BISHOP EMERITUS * DIOCESE OF PATHANAMTHITTA

www.malankaralibrary.com



## ഇടയമൊഴി



മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മുത്തശ്ശി ഇടവകകളിൽ ഒന്നാണ് സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി. മാർത്തോമ്മാ ശ്ലീഹായാൽ പാവനമാക്കപ്പെട്ടതും, നിലയ്ക്കലിന്റെ സമീപസ്ഥലവും, പുനരൈക്യത്തിന്റെ അപ്പോസ്തോലനും, ക്രാന്തദർശിയുമായ ദൈവദാസൻ ഗീവറുഗീസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ അനുഗ്രഹീത സാന്നിദ്ധ്യം പേറുന്നതുമായ മണ്ണാറക്കുളഞ്ഞി മലങ്കര കത്തോലിക്കാ ദേവാലയം അനേകർക്ക് ആശ്വാസമായി ഉയർന്നു നിൽക്കുന്നു.

ദൈവദാസൻ മോർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിക്കപ്പെട്ടതും, ബഹുമാനപ്പെട്ട ചരുവിലേത്തച്ചന്റെ നേതൃത്വത്തിൽ തുടങ്ങിയതുമായ ഈ ദേവാലയം നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സ്മരണ നിലനിർത്തുന്നതാണ്.

കഴിഞ്ഞ 90 വർഷം കടന്നുപോകുമ്പോൾ ദൈവാനുഗ്രഹത്തിന്റെ വഴികളെ അനുസ്മരിക്കുന്നതോടൊപ്പം വരും തലമുറയ്ക്ക് വിശുദ്ധ ദീപമായി ഈ ഇടവക വളരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയോടെ.... നന്ദിയോടെ....

ഫാ. എബ്രഹാം മണ്ണിൽ
ഇടവക വികാരി

www.malankaralibrary.com



# ഇടവകയുടെ ചരിത്രം

**ഫാ. ഏബ്രഹാം മണ്ണിൽ**
(ഇടവക വികാരി)





ജറുസലേം മണ്ണിൽനിന്നും കർത്താവിന്റെ സഭ ഭാരത മണ്ണിലേക്ക് ചാലുകീറി ഒഴുകിയത് എ.ഡി. 52ൽ ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ വരവോടുകൂടിയാണ്. പ്രേഷിത പ്രവർത്തനത്തിനായി തോമാ ശ്ലീഹാ തെരഞ്ഞെടുത്തത് ഭാരതമായിരുന്നു. പശ്ചിമേഷ്യയിൽനിന്നുള്ള കപ്പലിൽ യാത്രാ സൗകര്യവും, യഹൂദ സാന്നിദ്ധ്യവുമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമായിരുന്നു കേരളം. അങ്ങനെ എ.ഡി. 52ൽ അദ്ദേഹം കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആർഷ സംസ്ക്കാരത്തിൽ പുതിയ വിശ്വാസം വേരോടുവാൻ പ്രയാസമായിരുന്നു എങ്കിലും യഹൂദ സാന്നിദ്ധ്യം സുവിശേഷ പ്രവർത്തനത്തിന് ആക്കം കൂട്ടി. അങ്ങനെ ഏഴരപള്ളികൾ വി. തോമാ ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ചു. കൊടുങ്ങല്ലൂർ (അഴീക്കോട്), പാലയൂർ (ചാവക്കാട്), കോക്കമംഗലം (ചേർത്തല), കോട്ടക്കാവ് (പറവൂർ) നിരണം, കൊല്ലം, നിലയ്ക്കൽ കൊടുങ്ങല്ലൂരിന് സമീപമുള്ള മാല്യങ്കര (മലകളുടെ കര) എന്ന സ്ഥലത്താണ് ആദ്യം സുവിശേഷം അറിയിച്ചത്. ഈ മാല്യങ്കര ലോപിച്ചാണ് മലങ്കര എന്ന നാമം വരുന്നത്. ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രദേശമായിരുന്ന നിലയ്ക്കലിന്റെ സമീപ പ്രദേശമാണ് നവതി ആഘോഷിക്കുന്ന മണ്ണാരക്കുളഞ്ഞി.

www.malankaralibrary.com



ക്രിസ്തുവിനു മുൻപുതന്നെ ഒരു വാണിജ്യകേന്ദ്രമായി കേരളം വളർന്നിരുന്നു. അങ്ങനെയാണ് യേശു സാന്നിദ്ധ്യം കേരളത്തിൽ വന്നത്. യഹൂദൻമാരിൽനിന്നും ആദ്യത്തെ മാനസാന്തരമുണ്ടായി. അങ്ങനെ വി. തോമാശ്ലീഹായുടെ സുവിശേഷ ദീപ്തി ഉന്നത കുലനായ ബ്രാമണരിലേക്കും നാടുവാഴിയായ ചേരമർ പെരുമാളിലേക്കും എത്തി. അങ്ങനെ കാളിയാങ്കൽ, ശങ്കരപുരി, പകലോമറ്റം എന്നീ ബ്രാഹ്മണ കുടുംബങ്ങൾ മലങ്കര സഭയുടെ അടിസ്ഥാന കുടുംബാംഗങ്ങളായി മാറി. കൂടാതെ തെക്കേ ഇന്ത്യയിൽനിന്നുള്ള ദ്രാവിഡരും ഈ കാലത്ത് ക്രൈസ്തവരായിത്തീർന്നു.

കാലാന്തരത്തിൽ പല വിദേശ കുടിയേറ്റങ്ങളും കേരള മണ്ണിൽ ഉണ്ടായി. അതിൽ പ്രധാനപ്പെട്ട കുടിയേറ്റമായിരുന്നു എ.ഡി. 345ൽ സിറിയയിലെ **മല്ലൗല (Mallaula)** എന്ന ഗ്രാമത്തിൽനിന്നും 7 ഇല്ലക്കാർ (75 കുടുംബങ്ങൾ) ക്നായി തൊമ്മന്റെ നേതൃത്വത്തിൽ വന്നത്. കേരളത്തിലെ യഹൂദസാന്നിദ്ധ്യം ഇതിനു വളരെയേറെ സഹായിച്ചു. കാരണം കടന്നുവന്ന 72 കുടുംബക്കാരും, യഹൂദരായിരുന്നു. അവരെ രാജാവ് 72 പദവികൾ നൽകിയാണ് സ്വീകരിച്ചത്. അതിനെ ക്നായിത്തൊമ്മന്റെ ചെപ്പേട് എന്നാണ് അറിയപ്പെടുന്നത്. ഈ കുടിയേറ്റക്കാരെ രാജ്യത്തിന്റെ തെക്കുഭാഗത്തും മറ്റു ക്രിസ്ത്യാനികളെ വടക്കുഭാഗത്തും താമസിപ്പിച്ചു. അതുകൊണ്ടാണ് ഇവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ വടക്കുംഭാഗർ എന്നും ക്നായിത്തൊമ്മന്റെ കൂടെ വന്ന ക്നാനായക്കാരെ തെക്കുംഭാഗർ എന്നും വിളിച്ചത്.

കുടിയേറ്റക്കാർ കടന്നുവന്നത് വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നതുകൊണ്ട് ക്രിസ്ത്യാനികളുടെ പ്രത്യേക തൊഴിൽ വാണിജ്യമായിരുന്നു അന്ന് രാജാവ് വ്യവസായ പ്രമുഖരെ ആദരിച്ചത് മഹാപിള്ള എന്ന പേരുകൊടുത്താണ്. മഹാപിള്ളയുടെ ഭാര്യയെ പെൺപിള്ള എന്നും അറിയപ്പെട്ടു. അങ്ങനെ 'മഹാപിള്ള' ലോപിച്ച് മാപ്പിളയും, 'പെൺപിള്ള' ലോപിച്ച് പെമ്പിളയുമായി. എന്നാൽ 7-ാം നൂറ്റാണ്ടിനു ശേഷം മുസ്ലീം വ്യാപാരമേഖലകൾ പിടിച്ചടക്കയതിനുശേഷമാണ് മുസ്ലീം സമൂഹത്തെ മാപ്പിളമാർ എന്നറിയപ്പെടുന്നത്. അങ്ങനെ വ്യാപാരികളുടെ വരവുകൾ കേരള സഭയ്ക്ക് ധാരാളം വളർച്ചകളും, അതുപോലെ തകർച്ചകളും സമ്മാനിച്ചു.



മലങ്കര നസ്രാണികളുടെ ആത്മീക ബന്ധം എപ്പോഴും പേർഷ്യൻ സഭയുമായിട്ടായിരുന്നു. ഇന്ത്യൻ സഭയ്ക്ക് അക്കാലത്ത് നേതൃത്വം നൽകിയ മാർ യാക്കോബ്, മാർ യൗസേഫ്, മാർ അബ്രഹാം ഇവരെല്ലാം പേർഷ്യൻ സഭയിലെ മെത്രാന്മാർ ആയിരുന്നു. എന്നാൽ ഇന്ത്യൻ സഭയുടെ പിളർപ്പിനു കാരണമാ

www.malankaralibrary.com



യർക്ക് പോർട്ടുഗീസുകാരുടെ വരവോടുകൂടിയായിരുന്നു. എ.ഡി. 1498ൽ കപ്പാട് വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ കപ്പലിറങ്ങിയ പോർട്ടുഗീസുകാർ കച്ചവടത്തിലെന്നപോലെ സഭയുടെ ആത്മീക കാര്യത്തിലും ഇടപെടാൻ തുടങ്ങി. മലങ്കരയിൽപുരാതന കാലമായി തുടർന്നുവന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമം ശീശ്മയാണെന്നു കരുതി, അത് തുടച്ചുമാറ്റി ലത്തീൻ ആരാധനാക്രമം മലങ്കരയിൽ നടപ്പിലാക്കാൻ ശ്രമിച്ചു. അതിന്റെ ഭാഗമാണ് 1599ലെ ഉദയംപേരൂർ സുന്നഹദോസ്.

ഈ സുന്നഹദോസ് വഴി ലത്തീൻ ആരാധനക്രമം മലങ്കരയിൽ നടപ്പാക്കിയെങ്കിലും, നമ്മുടെ പിതാക്കന്മാർ ഇതിനെതിരായി റോമിലേക്കും, അന്തോഖ്യയിലേക്കും കത്തുകൾ എഴുതി പ്രതിരോധിച്ചു. അങ്ങനെ ഡമാസ്കസിലെ മെത്രാനായിരുന്ന മാർ അഹത്തുള്ളായെ ഇന്ത്യയിലേക്കയച്ചു. എന്നാൽ കൊച്ചീ തീരത്ത് കപ്പലിറങ്ങുവാൻ പോർട്ടുഗീസുകാർ അനുവദിച്ചില്ല. പിന്നീട് അദ്ദേഹം ഗോവാതീരത്തേക്ക് നീങ്ങിയെങ്കിലും അവിടെ ഇറങ്ങുവാൻ സാധിക്കാതെ കാലം ചെയ്തു. ഇതിൽ പ്രകോപിതരായ മലങ്കര നസ്രാണികളിൽ ഒരു വിഭാഗം പോർട്ടുഗീസുകാർക്കെതിരെ എടുത്ത പ്രതിജ്ഞയാണ് 1653 ജനുവരി 3-ാം തീയതിയിലെ കൂനൻ കുരിശുസത്യം കർത്താവിന്റെ മുറിക്കപ്പെടാത്ത അങ്കിയായ സഭയിൽ അങ്ങനെ ആദ്യത്തെ പിളർപ്പുണ്ടായി.

കൂനൻ കുരിശുസത്യത്തിനുശേഷം തോമ ആർച്ച് ഡീക്കന്റെ ശിരസ്സിൽ 12 വൈദികർ കൈവച്ച് മാർത്തോമ്മാ ഒന്നാമൻ എന്നപേരിൽ മെത്രാനായി വാഴിച്ചു. വൈദികർ കൈവയ്ക്കാൻ ആ മെത്രാൻ പട്ടം സാധുവല്ലെന്ന് അദ്ദേഹത്തിനുതന്നെ അറിയാമായിരുന്നു. അതിനാൽ മേൽപട്ട സാധൂകരണത്തിന് പല വഴികളും അദ്ദേഹം ആരാഞ്ഞിരുന്നു. നിർഭാഗ്യവശാൽ അത് സാധിച്ചില്ല. അങ്ങനെ 5-ാം മാർത്തോമ്മാ വരെ ഈ വ്യാജ പൗരോഹിത്യം തുടർന്നു. അതിനുശേഷം വന്ന 6-ാം മാർത്തോമ്മയ്ക്ക് 1772ൽ കേരളത്തിൽ വന്ന മോർ ഗ്രീഗോറിയോസ് എന്ന മെത്രാൻ മാർ ദീവന്നാസ്യോസ് സാധുവായ പട്ടം നൽകി ആദരിച്ചു. അങ്ങനെ മലങ്കരയിലെ പുത്തൻകൂർ സമുദായത്തിൽ സാധുവായ കൈവയ്പ്പുകിട്ടിയ മെത്രാൻ ഭരണം ആരംഭിച്ചു. അതിനുശേഷം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, ചേപ്പാട് മാർ ദീവന്നാസ്യോസ്, പുന്നത്ര മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് എന്നീ പിതാക്കന്മാർ മലങ്കര സഭയിൽ ശുശ്രൂഷ ചെയ്തു.

വട്ടശ്ശേരിൽ മോർ ദിവന്നാസ്യോസ് തിരുമേനിയുടെ ശ്രേഷ്ഠ ശിഷ്യനായിരുന്ന പണിക്കരുടെ വീട്ടിൽ ഫാ. പി.റ്റി. ഗീവർഗീസ്, സത്യസഭാന്വേഷിയായ അദ്ദേഹത്തിന്റെ പഠനത്തിന്റെയും, ത്യാഗത്തിന്റെയും ഫലമായി വ്യവഹാരങ്ങളാൽ കലുഷിതമായ മലങ്കര സഭയിൽ ബഥനി സന്യാസ സമൂഹം സ്ഥാപിച്ച് സമാധാനത്തിനു ശ്രമിച്ചു. അങ്ങനെ ഫാ. പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. സത്യാന്വേഷിയായ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തന്റെ പഠനവും, പ്രാർത്ഥനയും, സഭൈക്യത്തെ പറ്റിയുള്ള ചിന്തകളും തുടർന്നുകൊണ്ടിരുന്നു. സഭയായുള്ള പുനരൈക്യ ത്തിനു ശ്രമിച്ചുവെങ്കിലും ചിലസാമ്പത്തിക കാരണങ്ങളാൽ അത് സാധിച്ചില്ല. അങ്ങനെ പുനരൈക്യ പ്രവാചകനായ അദ്ദേഹം 1930 സെപ്തംബർ 20ന് മാതൃ സഭയുമായി പുനരൈക്യപ്പെട്ടു. അങ്ങനെ 1653 ലെ സഭാ മാതാവിന്റെ പിളർപ്പിൽനിന്നും സഭയെ മാതൃസഭ കൂട്ടായ്മയിലേക്ക് നയിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് രൂപം നൽകി.

മലങ്കര കത്തോലിക്കാ സഭയുടെ ആദ്യകാലത്ത് രൂപംകൊണ്ട ഏതാനും പള്ളികളിൽ ഒന്നാണ് 1933ൽ ദൈവദാസൻ മോർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹത്താൽ പരി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയം. ആരംഭകാലത്ത് 7 കുടുംബങ്ങളുമായിട്ടാണ് ഈ ദേവാലയം ആരംഭിക്കുന്നത്. പുന

www.malankaralibrary.com



രൈക്യപ്പെട്ട പന്തളത്തച്ചൻ എന്നറിയപ്പെട്ടിരുന്ന റവ. ഫാ. ഗീവർഗീസ് ചരുവിലേത്തിനൊപ്പം കണ്ണൻമണ്ണിൽ മത്തായി, ചിറക്കടവിൽ മത്തായി, കാലായിൽ മത്തായി, മൺപുരയിടത്തിൽ ഇട്ടി, ചിറ്റക്കാട്ട് ഇടിക്കുള തോമസ്, മണിപറമ്പിൽ ഗീവർഗീസ്, ഇളവുംമഠത്തിൽ ഗീവർഗീസ് ഈ അടിസ്ഥാന ശിലകൾ മേലാണ് ഈ ദേവാലയം ഉയർന്നത്.

1936ൽ മൈലപ്ര അച്ചന്റെ പുനരൈക്യവും, അദ്ദഹത്തിന്റെ സാന്നിദ്ധ്യവും ഇടവകയ്ക്ക് കൂടുതൽ കരുത്ത് നൽകി. 1961ൽ ബഹുമാനപ്പെട്ട തോമസ് കരിയീലച്ചന്റെ കാലത്താണ് ഇപ്പോഴത്തെ ദേവാലയം പണിയുകയും, വി. ജോൺ ക്രിസോസ്റ്റമിന്റെ നാമത്തിൽ, പുനർ നാമനിർണ്ണയം നടത്തുകയും ചെയ്തു. പിന്നീട് വന്ന വൈദികർ അവരവരുടെ കാലഘട്ടങ്ങളിൽ സഭയ്ക്കുവേണ്ട പുരോഗമന മാർഗ്ഗങ്ങൾ തുറന്നുകൊടുത്തു. 1965ൽ ബഹു. ജോസഫ് താഴത്തുവീട്ടിലച്ചന്റെ കാലത്ത് ആദ്യത്തെ വൈദിക മന്ദിരം സ്ഥാപിക്കുകയും, വികാരിമാർ ഇവിടെ താമസിച്ച് ശുശ്രൂഷ നടത്തുകയും ചെയ്തു. മണ്ണാറക്കുളഞ്ഞി പ്രദേശത്തിന് അറിവിന്റെ വെളിച്ചം നൽകിയ എൽ.പി. സ്കൂൾ ഇന്നും തലയുയർത്തി നിൽക്കുന്നു.

1978 ൽ ഭാഗ്യ സ്മരണാർഹനായ ബനഡിക്ട് മോർ ഗ്രീഗോറിയോസ് തിരുമേനി ദേവാലയത്തിന് ഒരു കുരിശടി കൂദാശ ചെയ്തുതന്നു. 1997ൽ ബഹു. ജോസഫ് കളവിള അച്ചന്റെ അത്യധ്വാനം വഴി ഈ ദേവാലയത്തിന് ഒരു ഓഡിറ്റോറിയം നിർമ്മിക്കുകയും മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്ക ബാവ, അത്യഭിവന്ദ്യ സിറിൽ ബസേലിയോസ് ബാവ കൂദാശ ചെയ്യുകയും ചെയ്തു. ബഹു. ആന്റോ കണ്ണംകുളം അച്ചന്റെ കാലത്ത് ദേവാലയം നവീകരിച്ചു. ബഹു. തോമസ് മരോട്ടിമൂട്ടിലച്ചന്റെ കാലത്ത് ഈ ദേവാലയത്തെ കേന്ദ്രീകരിച്ച് ദിവ്യകാരുണ്യ ആരാധനയും, ധ്യാനങ്ങളും നടത്തി ഈ പ്രദേശത്തെ ശോഭാപൂർണ്ണമാക്കുകയും, ദേവാലയത്തിലേക്കുള്ള വഴിക്കുള്ള സ്ഥലം വാങ്ങി റോഡ് നിർമ്മിക്കുകയും ചെയ്തു. മണ്ണാറക്കുളഞ്ഞി ആശുപത്രി ജംഗ്ഷനിൽ കളീക്കൽ പരേതനായ കെ. വി. ഉമ്മൻ ദാനമായി നൽകിയ ഒന്നേമുക്കാൽ സെന്റ് സ്ഥലത്ത് ഒരു കുരിശടി സ്ഥാപിക്കാനായി 2009 ഫെബ്രുവരി 28ന് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് അഭി. ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ കല്ലിടുകയും, 2010 ജനുവരി 6-ാം തീയതി പത്തനംതിട്ട രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ കൂദാശ ചെയ്ത് ദേശത്തിന് സമർപ്പിച്ചു.

2010 ഫെബ്രുവരി 24-ാം തീയതി ദേവാലയ കവാടത്തിങ്കൽ മനോഹരമായ ഒരു കുരിശടി നിർമ്മിക്കുകയും അത് തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായിരുന്ന സാമുവൽ മോർ ഐറേനിയസ് തിരുമേനി കൂദാശ ചെയ്ത് നാടിനു സമർപ്പിച്ചു. 2015 ഫാ. വർഗീസ് വിളയിലച്ചന്റെ കാലത്ത് മനോഹരമായ ഒരു വൈദീക മന്ദിരം പുതുതായി നിർമ്മിക്കുകയും 2016 മെയ് 14 അഭി. യൂഹാനോൻ മോർ ക്രിസോസ്റ്റം തിരുമേനി അത് കൂദാശ ചെയ്ത് നാടിന് സമർപ്പിച്ചു. 2022ൽ ബഹു. മാത്യു കയ്യാലക്കലച്ചന്റെ നേതൃത്വത്തിൽ നവതി ആഘോഷങ്ങൾ നടത്തുവാനും, പാവപ്പെട്ട ഒരു കുടുംബത്തിന് ഒരു ഭവനം നിർമ്മിച്ചുകൊടുക്കുവാനും തീരുമാനമെടുത്തു.

2023 ഏപ്രിൽ 27ന് ചുമതലയേറ്റ ഫാ. ഏബ്രഹാം മണ്ണിൽ നവതി ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കണ്ണൻമണ്ണിൽ ബഹു. സജു സാർ ദാനമായി നൽകിയ 5 സെന്റ് സ്ഥലം ഇടവകയ്ക്ക് അകത്തും പുറത്തുമുള്ള സുമനസ്സുകളുടെ സഹായത്താൽ മനോഹരമായ ഒരു ഭവനം നിർമ്മിക്കുകയും താക്കോൽ ദാനം രൂപതാദ്ധ്യക്ഷൻ അഭി. സാമുവൽ മാർ ഐറേനിയസ് തിരുമേനിയും, കൂദാശാകർമ്മം അഭി. മോർ ക്രിസോസ്റ്റം തിരുമേനിയും നിർവ്വഹിച്ചു. നവതി

www.malankaralibrary.com



ആഘോഷത്തിന് ഫാ. ഏബ്രഹാം മണ്ണിൽ ശക്തമായ നേതൃത്വം നൽകി. ഇടവകയുടെ ട്രസ്റ്റി റ്റിജോ കളീക്കൽ സെക്രട്ടറി സിനോയി മുടയ്ക്കമണ്ണിൽ, നവതി കൺവീനർ സജു കണ്ണൻമണ്ണിൽ, കമ്മിറ്റി അംഗങ്ങൾ, എല്ലാവരും നവതി മനോഹരമാക്കുവാൻ ശക്തമായി പ്രവർത്തിച്ചു. ഈശോയുടെ അനുഗ്രഹവും ഇടവകാംഗങ്ങളുടെ പ്രാർത്ഥനയും, സഹായവും വഴി എല്ലാം അനുഗ്രഹമായിത്തീർന്നു.

## ഉപസംഹാരം

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ഈ ഇടവകയിൽ ഇന്ന് 79 കുടുംബങ്ങളും 4 ദൈവവിളികളും ഉണ്ട്. റവ. ഫാ. ഫിലിപ്പ് കളീക്കൽ (അമേരിക്ക), റവ. ഫാ. ലിബിൻ മാത്യു കുര്യൻ ഒ.ഐ.സി. (പഞ്ചാബ്), റവ. സി. സീറ്റ എസ്.ഐ.സി. (ഇപ്പോൾ അസ്സീസി അറ്റോൺമെന്റ് ഹോസ്പിറ്റൽ, പെരുമ്പുഴ, കൊല്ലം) റവ. സി. ഒലീവിയ എസ്.ഐ.സി. (ഒറീസ മിഷൻ) ഇവരുടെ നിസ്തുലമായ ശുശ്രൂഷകൾ സഭയ്ക്ക് ശക്തിപകരുന്നു. ഇവിടെ ശുശ്രൂഷ ചെയ്ത എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം ഇടവകയിലെ എല്ലാ ഭക്തസംഘടനകളും നന്നായി പ്രവർത്തിക്കുന്നു. ഭാവിസഭയായ എം.സി.വൈ.എം., സണ്ടേ സ്കൂൾ എന്നിവരുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. എം.സി.എ., മാതൃസംഘം, വിൻസന്റ് ഡി പോൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ദൈവ മഹത്വത്തിന്റെ മുമ്പിൽ നമ്രശിരസ്ക്കനായി എല്ലാറ്റിനും നന്ദി അർപ്പിക്കുന്നു.



www.malankaralibrary.com



# ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ

റവ. ഫാ. ഗീവറുഗീസ് ചരുവിലേത്ത്
റവ. ഫാ. എ. ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ
റവ. ഫാ. തോമസ് കരിയിൽ
റവ. ഫാ. സഖറിയാസ് ചങ്ങംകരി
റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
റവ. ഫാ. വർഗ്ഗീസ് മാവേലിൽ
റവ. ഫാ. ജോർജ്ജ് ജോൺ (ജോസി അച്ചൻ)
റവ. ഫാ. ഗീവറുഗീസ് മണ്ണിക്കരോട്ട്
റവ. ഫാ. മാത്യു കയ്യാലയ്ക്കൽ (അസി)
റവ. ഫാ. ജോസഫ് കിഴക്കേക്കര
റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ
റവ. ഫാ. വർഗ്ഗീസ് ചരുവിള
റവ. ഫാ. സ്റ്റീഫൻ മാത്യു
റവ. ഫാ. മാത്യു വാഴപ്പിള്ളേത്ത്
റവ. ഫാ. ചെറിയാൻ മായിക്കൽ
റവ. ഫാ. ജോഷ്വാ പീടികയിൽ
റവ. ഫാ. തോമസ് പൊന്മേലിൽ
റവ. ഫാ. ജോൺ പ്ലാവിള
റവ. ഫാ. ജോസഫ് വടക്കേക്കൂറ്റ്
റവ. ഫാ. സഖറിയാസ് നെടിയകാലായിൽ
റവ. ഫാ. ഡാനിയൽ കുളങ്ങര (അസി)
റവ. ഫാ. സാമുവൽ ജോൺസൺ പുതുവേലിൽ
റവ. ഫാ. ജോസഫ് കളവിള
റവ. ഫാ. ജയിംസ് ഇലഞ്ഞിക്കൽ
റവ. ഫാ. മാത്യു ആന്റോ കണ്ണംകുളം
റവ. ഫാ. തോമസ് മരോട്ടിമൂട്ടിൽ
റവ. ഫാ. ജുബി കുഴിനാപ്പുറത്ത്
റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ
റവ. ഫാ. അലക്സാണ്ടർ കല്ലുകാലായിൽ
റവ. ഫാ. വർഗ്ഗീസ് വിളയിൽ
റവ. ഫാ. മാത്യു കയ്യാലയ്ക്കൽ
റവ. ഫാ. ഏബ്രഹാം മണ്ണിൽ

www.malankaralibrary.com



# ഇടവകയിലെ ദൈവവിളികൾ



റവ. സിസ്റ്റർ സീറ്റാ എസ് ഐ സി

ഇടവകയിലെ ആദ്യ ദൈവവിളി റവ. സിസ്റ്റർ സീറ്റാ എസ് ഐ സി ഇളവും മഠത്തിൽ 1987ൽ മിശിഹാനുകരണ സന്യാസിനി സമൂഹത്തിൽ തിരുവനന്തപുരം പ്രൊവിൻസ് അംഗമായി വ്രതവാഗ്ദാനം നടത്തി. സോഷ്യൽ വർക്കിൽ മാസ്റ്റേഴ്സ് ബിരുദവും കൗൺസിലിങ്ങിൽ ഉപരിപഠനവും നടത്തി. സേവ് എ ഫാമിലി പദ്ധതിയുടെ മാർത്താണ്ഡം രൂപതയുടെ കോഡിനേറ്റർ ആയി പ്രവർത്തിച്ചു. കേരളത്തിലും തമിഴ്നാട്ടിലും അമേരിക്കയിലെ ഫിലെഡാൽഫിയ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ സോഷ്യൽ വർക്കർ ആയും പ്രവർത്തിച്ചു. ഇപ്പോൾ മാവേലിക്കര രൂപതയിലെ പെരുമ്പുഴ അസീസി അറ്റോണ്മെന്റ് ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുന്നു



റവ. ഫാ. ലിബിൻ മാത്യു കുര്യൻ OIC

റവ. ഫാ ലിബിൻ മാത്യു കുര്യൻ O.I.C, ബഥനി സന്യാസ സമൂഹത്തിലെ നവജീവൻ പ്രൊവിൻസിലെ അംഗമാണ്. 2020ൽ വൈദിക പട്ടം സ്വീകരിച്ചു. ഇപ്പോൾ പഞ്ചാബിലെ ലുധിയാനയിൽ സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയുടെ വികാരിയും ഖന്ന, സെന്റ് മാർത്താ ബഥനി വിദ്യാലയയിലെ ബർസാർ ആയും സേവനമനുഷ്ഠിക്കുന്നു



റവ. സിസ്റ്റർ ഒലീവിയ എസ്.ഐ.സി.

റവ. സി. ഒലീവിയ എസ് ഐ സി മിശിഹാനുകരണ സന്യാസിനി സമൂഹത്തിൽ പത്തനംതിട്ട പ്രൊവിൻസിൽ അംഗമായി 2019ൽ വ്രതവാഗ്ദാനം നടത്തി. ഇപ്പോൾ ഒറീസ മിഷനിൽ പ്രവർത്തിക്കുന്നു



റവ. ഫാ. ഫിലിപ്പ് കളീക്കൽ

ഇടവകയിൽ നിന്നുള്ള ആദ്യ പുരോഹിതൻ റവ. ഫാ. ഫിലിപ്പ് കളിക്കൽ 2008ൽ വൈദിക പട്ടം സ്വീകരിക്കുകയും കേരളത്തിലും തമിഴ്നാട്ടിലും വിവിധ ഇടവകകളിലും സ്കൂളുകളിലും സേവനമനുഷ്ഠിച്ചു. ഇപ്പോൾ അമേരിക്കയിലെ ഹാർട്ട്ഫോർഡ് രൂപതയിൽ വാട്ടർബറി എന്ന സ്ഥലത്ത് ഇടവക വികാരിയായി ശുശ്രൂഷ ചെയ്യുന്നു.



ബ്രദർ മോബിൻ കോശി ചിറക്കടവിൽ

ബ്രദർ മോബിൻ കോശി ചിറക്കടവിൽ, OFM കപ്പൂച്ചിൻ ആശ്രമത്തിൽ 2010ൽ വൈദിക പഠനം ആരംഭിച്ചു. 2013ൽ ആശ്രമത്തിൽ ഉണ്ടായ ഒരു അപകടത്തിൽ മരണപ്പെടുകയും തുടർന്ന് ഭൗതികശരീരം ഇടവക സെമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു.

ബ്രദർ മോബിൻ കോശിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

അനുഗ്രഹീതരായ അനേകം സഭാശുശ്രൂഷകർ ഇനിയും ഈ പള്ളിയിൽ നിന്നുണ്ടാകുന്നതിനായി പ്രാർത്ഥിക്കാം.

www.malankaralibrary.com



# വിശുദ്ധ ജോൺ ക്രിസോസ്റ്റം



ഷിനു സാമുവൽ
ചിറ്റക്കാട്ട്



സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി. ജോൺ ക്രിസോസ്റ്റം, പൗരസ്ത്യസഭയിലെ നാല് മഹാ പിതാക്കന്മാരിൽ ഒരാളാണ്. സമൂഹത്തിലെ അനീതികൾക്കും തിന്മകൾക്കും എതിരെ അതിശക്തമായി പോരാടി, പാവങ്ങളുടെ ഉന്നമനത്തിനായി അഹോരാത്രം പ്രവർത്തിച്ച ഈ വിശുദ്ധൻ ആഗോള കത്തോലിക്ക സഭയിലെ സുവിശേഷ പ്രസംഗകരുടെ മധ്യസ്ഥനാണ്.

സിറിയയിലെ സൈന്യാധിപനായിരുന്ന സെക്കുന്തൂസിന്റെയും, അന്ധൂസായുടെയും മകനായി AD 347 അന്ത്യോഖ്യയിൽ വിശുദ്ധ ജോൺ ജനിച്ചു. ഇരുപതാമത്തെ വയസ്സിൽ വിധവയായി തീർന്ന അന്തൂസ ഒരു പുനർ വിവാഹത്തെ പറ്റി ചിന്തിക്കാതെ ജോണിനെയും മൂത്ത സഹോദരിയെയും ക്രിസ്തീയ വിശ്വാസത്തിലും ദൈവഭക്തിയിലും വളർത്തുന്നതിനായി തന്റെ ശേഷിച്ച ജീവിതം മാറ്റിവച്ചു. അക്കാലത്ത് ലഭ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം ജോണിന് അവർ നൽകി.

തന്റെ ജീവിതത്തിൻെറ മുഖ്യപങ്കും ജോൺ പ്രാർത്ഥനയ്ക്കും വിശുദ്ധ ഗ്രന്ഥപാരായണത്തിനും മാറ്റിവെച്ചു. അനുദിനം അദ്ദേഹം ഉപവസിച്ചിരുന്നു. പരുപരുത്ത വസ്ത്രങ്ങൾ മാത്രമാണ് അദ്ദേഹം ധരിച്ചിരുന്നത്. തന്റെ സ്കൂൾ ജീവിതകാലത്ത് തന്നെ ജോൺ പ്രഗൽഭനായ പ്രാസംഗികനായി തീർന്നു.

ലിബാനിയാസ് എന്ന വിജാതീയ ഗ്രീക്ക് ഗുരുവിന്റെ കീഴിൽ നിയമത്തിലും തത്വ ശാസ്ത്രത്തിലും ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയെങ്കിലും കൂടുതൽ ദൈവശാസ്ത്ര പഠനനായി ആ മേഖല അദ്ദേഹം ഉപേക്ഷിച്ചു.

അമ്മയുടെ മരണത്തിനുശേഷം നഗര ജീവിതത്തിൻെറ വശ്യതയിലും കോലാഹങ്ങളിൽ

www.malankaralibrary.com



നിന്നും എല്ലാം ഒഴിഞ്ഞ് ജോൺ തെക്കൻ അന്ത്യോക്യായിലെ ഒരു മലമുകളിൽ ഏകാന്ത സന്യാസ ജീവിതം തെരഞ്ഞെടുത്തു. ധ്യാനത്തിലും ഉപവാസത്തിലും പ്രാർത്ഥനയിലും ദൈവശാസ്ത്ര പഠനത്തിലുമായി സന്തോഷകരമായ ആറു വർഷങ്ങൾ അവിടെ ചെലവഴിച്ചു. 26 വയസ്സായപ്പോഴേക്ക് വിശുദ്ധ പൗരോഹി തത്തെ പറ്റി നിസ്തുലമായ ആറ് ഗ്രന്ഥങ്ങൾ രചിച്ചു.

AD 367ൽ അന്ത്യോഖ്യയിലെ ബിഷപ്പ് ആയിരുന്ന മിലിത്യസിനെ കണ്ടുമുട്ടാൻ ഇടയായത് ജോണിന്റെ ജീവിതത്തിലെ നിർണായക വഴിത്തിരിവായി. AD 368 ൽ ബിഷപ്പ് മിലിത്തിയൂസ് ജോണിന് ജ്ഞാനസ്നാനം നൽകുകയും AD 371 ൽ അദ്ദേഹത്തെ ഒരു പ്രഭാഷകനായി നിയമി ക്കുകയും ചെയ്തു. ബിഷപ്പിന്റെ നിർദേശ പ്രകാരം AD 367 മുതൽ 372 വരെ അന്ത്യോക്യായിലെ അസറ്ററിയസ് എന്ന സെമിനാരിയിലാണ് ജോൺ ആശ്രമ വിദ്യാഭ്യാസം നടത്തിയത്.

തുടർന്ന് സന്യാസ ജീവിതത്തെ പുൽകാൻ ആഗ്രഹിച്ച അദ്ദേഹം തൊട്ടടുത്തുള്ള സിൽപിയസ് എന്ന മലയിൽ ഒറ്റയ്ക്ക് ഒരു ഗുഹയിൽ ഒരു വൃദ്ധസന്യാസിയുടെ മാർഗ്ഗനിർദേശത്തിൽ താമസം തുടങ്ങി. ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ നിയ മങ്ങൾ, സുവിശേഷങ്ങൾ, പ്രത്യേകിച്ച് പൗലോ സിന്റെ ലേഖനങ്ങൾ എന്നിവയെക്കുറിച്ച് അഗാ ധമായി പഠിക്കുകയും ധ്യാനിക്കുകയും ചെയ്തു. എന്നാൽ കഠിനമായ ആശ്രമചര്യകളാൽ ആരോഗ്യം മോശമായതിനെ തുടർന്ന് അദ്ദേഹം അന്ത്യോ ഖ്യയിലെ ക്രിസ്ത്യൻ സമൂഹത്തിലേക്ക് തിരികെ പോന്നു.

AD 381ൽ ബിഷപ്പ് മെലത്തിയൂസ് അദ്ദേഹത്തെ ഡീക്കനായും 386ൽ ബിഷപ്പ് ഫ്ലാവിയൻ -1 അദ്ദേഹത്തെ പുരോഹിതനായും നിയമിച്ചു. തുടർന്ന് 12 വർഷം ഫാദർ ജോൺ തന്റെ മാസ്മരിക പ്രഘോഷണവും പ്രഭാഷണ പാടവും കൊണ്ട് അന്ത്യോഖ്യ മുഴുവൻ ഇളക്കിമറിച്ചു. അദ്ദേ ഹത്തിന്റെ വാക്കുകൾ ശുദ്ധമായ സ്വർണം പോലെ യായിരുന്നു. വിശുദ്ധന്റെ അറിവും വാക്ചാതുര്യവും അപാരമായിരുന്നു. അങ്ങനെ അദ്ദേഹത്തിന് ക്രിസോസ്റ്റം അഥവാ സ്വർണനാവുകാരൻ എന്ന വിശേഷണം ലഭിച്ചു.

397-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പരിശുദ്ധ സിംഹാസനം ഒഴിവായപ്പോൾ അർക്കാഡിയൂസ് ചക്രവർത്തി വിശുദ്ധനെ അവിടത്തെ പാത്രിയാർക്കീസായി വാഴിക്കുവാൻ തീരുമാനിച്ചു. എന്നാൽ വിശുദ്ധൻ ആ പദവി നിരസിക്കുമോ എന്ന ആശങ്കയാൽ ചക്രവർത്തി വിശുദ്ധനെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് സൂത്രത്തിൽ വരുത്തുകയും 398-ൽ അവിടത്തെ മെത്രാനായും, തുടർന്ന് പാത്രിയാർക്കീസായി വാഴിക്കുകയും ചെയ്തു.

രാഷ്ട്രീയപരമായ ചതികളും, ധാരാളി ത്തവും, അത്യാർത്തിയുമാണ് വിശുദ്ധന് അവിടെ കാണുവാൻ കഴിഞ്ഞത്. അദ്ദേഹം ചിലവുകൾ ചുരുക്കി പാവങ്ങളെ ധാരാളമായി സഹായിക്കുവാൻ തുടങ്ങി. ആശുപത്രികൾ പണിയുകയും, പുരോ ഹിത വൃന്ദത്തിൽ പുതിയ ഉണർവുണ്ടാക്കുകയും, ആശ്രമപരമായ അച്ചടക്കം കൊണ്ടു വരികയും ചെയ്തു. എന്നാൽ വിശുദ്ധന്റെ ഈ പരിഷ്കാരങ്ങൾ അദ്ദേഹത്തിന് ശത്രുക്കളേയും നേടി കൊടുത്തു. ചക്രവർത്തിനിയായ യൂഡോക്സ്യായും, അലെക സാണ്ട്രിയായിലെ പാത്രിയാർക്കീസായിരുന്ന തിയോഫിലൂസും ആയിരുന്നു അവരിൽ പ്രമുഖർ. അധികം താമസിയാതെ നഗരം കലുഷിതമാവു കയും, വിശുദ്ധന്റെ ജീവന് ഭീഷണിയുണ്ടാവുകയും ചെയ്തു. 404-ൽ ചക്രവർത്തി വിശുദ്ധനെ നാടു കടത്തി.

407-ലാണ് വിശുദ്ധൻ മരണപ്പെടുന്നത്. 1204-ൽ വിശുദ്ധന്റെ ഭൗതീകശരീരം റോമിലെ സെന്റ് പീറ്റേഴ്സിലേക്ക് കൊണ്ട് വന്നുവെങ്കിലും 2004 നവംബർ 27-ന് ജോൺ പോൾ രണ്ടാമൻ പാപ്പാ അത് ഓർത്തഡോക്സ് വിശ്വാസികൾക്ക് തിരികെ കൊടുത്തു. വെള്ളിയും, രത്നവും കൊണ്ട് പൊതിഞ്ഞ അദ്ദേഹത്തിന്റെ തലയോട്ടി ഗ്രീസിന്റെ ഉത്തരഭാഗത്തുള്ള അതോസ് മലയിലെ വടോപേടി ആശ്രമത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു, ഇവിടെ നിരവധി അത്ഭുതകരമായ രോഗശാന്തികൾ നടക്കുന്നതായി പറയപ്പെടുന്നു. വിശുദ്ധന്റെ വലത് കരവും അതോസ് മലയിൽ സൂക്ഷിച്ചിരിക്കുന്നു.

സകലത്തിനും ദൈവത്തിന് സ്തുതി എന്നായിരുന്നു വിശുദ്ധന്റെ അന്ത്യ മൊഴികൾ

www.malankaralibrary.com



# സെന്റ് തോമസ് പ്രാർത്ഥനായോഗം



90ന്റെ നിറവിൽ നിൽക്കുന്ന മണ്ണാരക്കുളഞ്ഞിയിലെ ഈ മുത്തശ്ശി ദേവാലയത്തിലെ സെന്റ് തോമസ് പ്രാർത്ഥനായോഗം 467 യോഗങ്ങൾ പൂർത്തിയാക്കി.

ഇടവകയിലെ ആദ്യ പ്രാർത്ഥനായോഗമായിരുന്നു ഈ പ്രാർത്ഥനായോഗം. ചെറിയാൻ മായിക്കൽ അച്ചൻ വികാരിയായിരുന്നപ്പോൾ സെന്റ് തോമസ് എന്ന് പുനർ നാമകരണം ചെയ്തു. ശ്രീ. സി.ജി. അലക്സാണ്ടർ മുളയ്ക്കലേത്ത്, ശ്രീ. സി. കെ. മാത്യു ചിറക്കടവിൽ, ശ്രീ. ഇ.ജി. ശമുവേൽ ഇളവുംമഠത്തിൽ, ശ്രീ. സി.ജി. ജോയിക്കുട്ടി ചിറക്കടവിൽ എന്നിവർ കാലാകാലങ്ങളിൽ പ്രാർത്ഥനായോഗത്തിന് നേതൃത്വം നൽകിയിരുന്നു.

ഇപ്പോൾ പ്രാർത്ഥനായോഗത്തിന്റെ സെക്രട്ടറിയായി ജോസഫ് സാമുവൽ ഇളവുംമഠത്തിലും, ട്രഷററായി ശ്രീമതി സൂസമ്മ കോശി ചിറക്കടവിലും പ്രവർത്തിച്ചുവരുന്നു.

മാസത്തിലെ രണ്ടാം ഞായറാഴ്ചകളിൽ പ്രാർത്ഥനായോഗങ്ങൾ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ഭവനങ്ങളൽ സമ്മേളിച്ച് പാട്ട്, വേദപുസ്തക വായന എന്നിവ നടത്തുകയും വേദഭാഗത്തെ ആസ്പദമാക്കി ബഹു. വികാരിയച്ചൻ ലഘു പ്രഭാഷണങ്ങളും നടത്താറുണ്ട്. പ്രാർത്ഥനയിൽ സമൂഹം ഒത്തുചേരുകയും പരസ്പരം കൈത്താങ്ങായി പ്രവർത്തിക്കുകയും ചെയ്യുന്നു. രോഗികളെ സന്ദർശിക്കുക, അശരണർക്ക് കൈത്താങ്ങ് എന്നിവയ്ക്ക് പ്രഥമസ്ഥാനം നൽകിവരുന്നു.

ബഹു. വികാരിയച്ചന്മാരുടെ നേതൃത്വവും ഉപദേശങ്ങളും പ്രാർത്ഥനായോഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇപ്പോൾ വികാരിയായിരിക്കുന്ന ബഹു. ഏബ്രഹാം മണ്ണിലച്ചന്റെ സാന്നിദ്ധ്യം പ്രാർത്ഥനാ യോഗത്തിന് കൂടുതൽ കരുത്തും ഓജസ്സും നൽകുന്നു.

ഭാരത അപ്പോസ്തോലൻ മാർതോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ കൂടുതൽ തീക്ഷ്ണതയിൽ ഇടവക സമൂഹം വളരുവാൻ ഇടയാകട്ടെ.

www.malankaralibrary.com



# ഹോളിമാതാ പ്രാർത്ഥനായോഗം



*ദൈവ തിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ*

മണ്ണാരക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര കത്തോലിക്കാപ്പള്ളിയിലെ നാല് പ്രാർത്ഥനാ ഗ്രൂപ്പുകളിൽ പരിശുദ്ധ മാതാവിന്റെ നാമധേയത്തിൽ അരംഭിച്ച ഹോളിമാതാ പ്രാർത്ഥനായോഗം 20 വർഷ മായി വളരെ സജീവമായി മുന്നോട്ടുപോകുന്നു. 21 കുടുംബങ്ങൾ അടങ്ങിയ ഈ പ്രാർത്ഥനാഗ്രൂപ്പ് മാതാവിന്റെ അനുഗ്രഹത്താൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. എല്ലാ മാസവും ആദ്യ ഞായ റാഴ്ചയാണ് ഈ വായനായോഗം കൂടുന്നത്.

ഹോളിമാതാ പ്രാർത്ഥനായോഗത്തിന്റെ സെക്ര ട്ടറി ശ്രീ. സജു വർഗീസ് കളീക്കലും, ട്രഷററായി ശ്രീ. വർഗീസ് എം. മാത്യു, മൺപുരയിടത്തിലും ചുമ തല വഹിക്കുന്നു. നമ്മുടെ ഈ കൂട്ടായ്മ വഴി കുടും ബങ്ങളെ തമ്മിൽ അടുപ്പിക്കുവാനും, പ്രാർത്ഥന അന്തരീക്ഷം സൃഷ്ടിക്കുവാനും സാധിക്കുന്നു. ആവശ്യ ഘട്ടങ്ങളിൽ ഒന്നിച്ചു നിൽക്കുവാനും, ആവശ്യമായ സഹായങ്ങൾ ചെയ്യുവാനും പ്രതി സന്ധി ഘട്ടങ്ങളിൽ സാന്ത്വനം നൽകുവാനും ഈ കൂട്ടായ്മ സഹായകമാകുന്നു.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃ ത്വപാടവം ഒന്നുതന്നെയാണ് ഈ പ്രാർത്ഥനായോ ഗങ്ങളുടെ കാതൽ. സെന്റ് ജോൺ ക്രിസോസ്റ്റം മല ങ്കര കത്തോലിക്കാ പള്ളിയുടെ ഇപ്പോഴത്തെ വികാരി ബഹു. ഏബ്രഹാം മണ്ണിലച്ചന്റെ നേതൃത്വം പ്രാർത്ഥ നായോഗങ്ങൾക്ക് ജീവനേകുന്നു. ബഹു. അച്ചൻ എല്ലാ പ്രാർത്ഥനായോഗങ്ങളിലും കടന്നുവരികയും, വചന സന്ദേശത്താലും, മദ്ധ്യസ്ഥപ്രാർത്ഥനയാലും എല്ലാവരെയും നവോന്മേഷത്തിലേക്ക് നയിക്കു കയും ചെയ്യുന്നു

ഈസമയം നമ്മുടെ കൂട്ടായ്മയിൽ നിന്ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയവരെ പ്രത്യേകം സ്മരിക്കുന്നു. നമ്മുടെ ഇടവകയിൽ സേവനം അനുഷ്ഠിച്ച എല്ലാ ബഹുമാനപ്പെട്ട വൈദീ കരേയും, ഇടവക ജനങ്ങളേയും പ്രത്യേകം നന്ദി യോടെ ഓർക്കുന്നു. നമ്മുടെ കൂട്ടായ്മ സമൃദ്ധമായി മുന്നോട്ടുപോകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



# തിരുഹൃദയ പ്രാർത്ഥനായോഗം



1989ൽ ആരംഭിച്ച തിരുഹൃദയ പ്രാർത്ഥനാ യോഗം ദൈവകൃപയാൽ ഇന്നും നല്ല രീതിയിൽ നടന്നുവരുന്നു.

ഈ പ്രാർത്ഥനാകൂട്ടായ്മയിൽ ഇപ്പോൾ 11 കുടുംബങ്ങളാണ് ഉള്ളത്. എല്ലാ മാസവും മൂന്നാമത്തെ ആഴ്ചയിൽ നടക്കുന്ന പ്രാർത്ഥനായോഗം ഭവനങ്ങളിൽ ഒന്നിച്ചുകൂടുകയും വേദപുസ്തക വായന, കുടുംബ സമർപ്പണ പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തുകയും ചെയ്യുന്നു. പ്രാർത്ഥനായോഗത്തിൽ നിന്നും ലഭിക്കുന്ന സ്തോത്രകാഴ്ചയിൽനിന്നും പലവിധമായ പ്രവർത്തനങ്ങളും ചെയ്യുവാൻ കഴിയുന്നുണ്ട്. കൂടാതെ ഇടവകയിൽ രോഗികളായവരെ സന്ദർശിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അംഗങ്ങൾ സമയം കണ്ടെത്തുന്നു.

പ്രാർത്ഥനാ കൂട്ടായ്മയിലൂടെ എല്ലാവരെയും സമർപ്പിച്ച് പ്രാർത്ഥിക്കുവാനും ഇടവകയിലെ ആത്മീയ കാര്യങ്ങളിൽ ഒന്നിച്ചുനിന്ന് പ്രാർത്ഥിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇടവകയിൽ ശുശ്രൂഷ ചെയ്തിരുന്ന മുൻ വികാരിമാരുടെ സ്നേഹവും സഹകരണവും പ്രാർത്ഥനാകൂട്ടായ്മയെ മുന്നോട്ട് നയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ വികാരി ബഹു. ഏബ്രഹാം മണ്ണിൽ അച്ചൻ എല്ലാ പ്രാർത്ഥനായോഗങ്ങളിലും സംബന്ധിക്കുകയും വേണ്ടതായ ആത്മീയ കാഴ്ചപ്പാടുകൾ പകർന്നു നൽകുകയും ചെയ്യുന്നു.

തിരുഹൃദയ കൂട്ടായ്മ ആരംഭിച്ച് വേണ്ട വിശ്വാസ തീക്ഷ്ണത പകർന്നു നൽകിയ പൂർവ്വികരെ നന്ദിയോടെ ഓർക്കുന്നു. അവർ കാണിച്ചുതന്ന പാത പിന്തുടർന്ന് കൂട്ടായ്മയെ മുന്നോട്ട് കൊണ്ടുപോകാൻ ദൈവം ഞങ്ങൾക്കും ശക്തി തരുന്നു. കഴിഞ്ഞകാലങ്ങളിൽ ഈ കൂട്ടായ്മ യെ നയിച്ച മുൻ വികാരിമാരെയും ഇപ്പോൾ ഞങ്ങൾക്ക് വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്ന പ്രിയപ്പെട്ട മണ്ണിലച്ചനെയും നന്ദിയോടെ ഓർക്കുന്നു.

എല്ലാത്തിനും ഉപരിയായി ഈ പ്രാർത്ഥനാ കൂട്ടായ്മയെ അനുഗ്രഹിച്ച് വഴി നടത്തുന്ന സർവ്വ ശക്തനായ ദൈവത്തിനും നന്ദി അർപ്പിക്കുന്നു.

www.malankaralibrary.com



# സെന്റ് മേരീസ് പ്രാർത്ഥനായോഗം



മലങ്കര കത്തോലിക്കാ സഭയിൽ മണ്ണാറക്കുളഞ്ഞി ഇടവകയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനമുണ്ട്. കാരണം ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പാവനമായ കൈകളാൽ സ്ഥാപിക്കപ്പെട്ട ഒരു ഇടവകയാണ് മണ്ണാറക്കുളഞ്ഞി വിശുദ്ധ ജോൺ ക്രിസോസ്റ്റം മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം. നമ്മുടെ പൂർവ്വികർ ഭയഭക്തിയോടും, വിശുദ്ധിയോടും നേതൃത്വം കൊടുത്ത വിശ്വാസ സമൂഹമാണ് ഈ ദേവാലയത്തിന്റേത്. അതുകൊണ്ട് ആദ്യം മുതലേ ഈ ദേവാലയത്തിലെ ശുശ്രൂഷകൾക്ക് ദൈവമഹത്വം കാണുവാൻ സാധിച്ചു. അതിന്റെ ഭാഗമാണ് ഇപ്പോൾ കാണുന്ന വായന കൂട്ടായ്മകൾ.

1986 മുതൽ സെന്റ് മേരീസ് പ്രാർത്ഥനായോഗം നടന്നുവരുന്നു. ഇതിൽ 15 കുടുംബങ്ങളാണ് ഒന്നിച്ചു ചേർന്നത്. ഈ പ്രാർത്ഥനയിലൂടെ കുടുംബങ്ങളെ സമർപ്പിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സമയം കണ്ടെത്തുന്നു. ഈ പ്രാർത്ഥന കുടുംബങ്ങൾക്ക് വിശ്വാസ ദീപ്തി പകർന്നുകൊടുക്കുന്നു. പരസ്പരം പ്രാർത്ഥിക്കുവാനും വിവിധ ഭവനങ്ങൾ ഒന്നുചേരുവാനും, പരസ്പരം സഹോദരതുല്യം ഇടപെടുവാനും ഈ പ്രാർത്ഥനയിലൂടെ സാഹചര്യം ഒരുക്കുന്നു. ബഹുമാനപ്പെട്ട സെന്റ് തോമസ് മരോട്ടിമൂട്ടിൽ അച്ചൻ ഈ പ്രാർത്ഥനാകൂട്ടായ്മയ്ക്ക് പുതിയ ഊടും പാവും നൽകി നവീകരിച്ചു. ബഹുമാനപ്പെട്ട അച്ചന്റെ നേതൃത്വം ആത്മികമായി നവീകരിക്കുവാൻ ഞങ്ങളെ സഹായിച്ചു.

വായനയിൽ ചെറിയ സ്തോത്രക്കാഴ്ച എടുക്കുകയും അത് പല ഉപവിപ്രവർത്തികൾക്ക് കൊടുക്കുകയും ചെയ്തുവരുന്നു. പാവപ്പെട്ട രോഗികളെ സഹായിക്കുവാനും നിർധനരായ കുഞ്ഞുങ്ങൾക്ക് പഠന സഹായങ്ങളും മറ്റും ഞങ്ങൾ ചെയ്തുപോരുന്നു. മരണവീട്ടിലെ ശുശ്രൂഷകൾക്ക് നേതൃത്വം ഞങ്ങളുടെ പ്രാർത്ഥനാ കൂട്ടായ്മ ചെയ്തുപോരുന്നു. ഇതിനെല്ലാം ഞങ്ങളുടെ ബഹുമാനപ്പെട്ട വൈദികർ ഞങ്ങളെ സഹായിച്ചിട്ടുമുണ്ട്. പ്രാർത്ഥനാ കൂട്ടായ്മ ആത്മീയമായും ഉന്നമനത്തിനും ജീവിതത്തിന്റെ സമാധാനം കണ്ടെത്തുന്നതിനുള്ള ഉറവിടമായി ഞങ്ങൾ ഇതിനെ സ്വീകരിക്കുന്നു. വളരെ കാലങ്ങൾക്കുശേഷം ഞങ്ങളുടെ ഇപ്പോഴത്തെ ബഹുമാനപ്പെട്ട വികാരി ഏബ്രഹാം മണ്ണിലച്ചൻ ഞങ്ങൾക്ക് നേതൃത്വം നൽകുന്നു. ബഹുമാനപ്പെട്ട മണ്ണിലച്ചൻ എല്ലാ പ്രാർത്ഥനാകൂട്ടായ്മകളിലും സ്ഥിരമായി പങ്കെടുക്കുകയും നവീനമായ സന്ദേശങ്ങൾ നൽകി ഞങ്ങളെ നയിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട അച്ചൻ മദ്ധ്യസ്ഥ പ്രാർത്ഥനയും വിടുതൽ പ്രാർത്ഥനയും ചെയ്തു ഞങ്ങളെ നയിക്കുന്നു. ബഹുമാനപ്പെട്ട മണ്ണിലച്ചനോടുള്ള നന്ദിയും സ്നേഹവും ഞങ്ങൾ അറിയിക്കട്ടെ.

www.malankaralibrary.com



# സൺഡേ സ്കൂൾ



ഒരു ഇടവകയെ സംബന്ധിച്ചിടത്തോളം വിശ്വാസികൾക്ക് മാമോദീസയിലൂടെ ലഭിക്കുന്ന ദൈവീക ജീവൻ നിലനിർത്താനും പരിപോഷിപ്പിക്കുവാനും ആത്മീയതയിൽ അടിയുറച്ച ഒരു ജീവിതം കെട്ടിപ്പടുക്കുവാനും, സഹായിക്കുന്ന ഏറ്റവും വലിയ ഒരു ഉപാധിയാണ് വിശ്വാസ പരിശീലനം അഥവാ മതബോധന ക്ലാസുകൾ. ഫ്രാൻസിസ് മാർപ്പാപ്പ ഇപ്രകാരം പറയുന്നു

' ഈശോ നിന്നെ സ്നേഹിക്കുന്നു' എന്ന അനുഭവമാണ്, ഓരോ കുട്ടിക്കും മതബോധന ക്ലാസ്സുകളിൽ നിന്നും ലഭിക്കേണ്ടത്. നമ്മുടെ ഇടവകയുടെ തുടക്കം മുതൽ നാളിതുവരെ, മതബോധന ക്ലാസുകൾ അതിന്റെതായ പ്രാധാന്യത്തോടും അച്ചടക്കത്തോടും കൂടെ നടത്തിവരുന്നു.

ഈ വർഷം നഴ്സറി മുതൽ 12 വരെയുള്ള ക്ലാസുകൾ നമുക്കുണ്ട്. അഡ്വ. എബ്രഹാം പി ജെ (പ്രധാന അധ്യാപകൻ), സജു തോമസ്, മനോജ് മത്തായി (സ്റ്റാഫ് സെക്രട്ടറി), ഷിനു സാമുവേൽ, സ്വപ്ന തോമസ്, സൂസമ്മ കോശി, മഞ്ജു മാത്യു, ഷീജ മേരി വർഗ്ഗീസ്, ബിജി കോശി, ഗോൾഡി വർഗ്ഗീസ്, സിനി ഷിനു, ഷെനിതാ മനോജ്, ലീന തരകൻ, മിനു മാത്യു, റെജീന മേരി എബ്രഹാം എന്നിവർ അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചു വരുന്നു.

വിശ്വാസപരിശീലന ദിനാഘോഷത്തോടു കൂടി എല്ലാ വർഷവും പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. പുതുതായി എത്തുന്ന കുഞ്ഞുങ്ങളെ ആഘോഷപൂർവം ജപമാല നൽകി ഇടവക വികാരി സ്വീകരിക്കുന്നു.

രൂപത നിർദ്ദേശങ്ങൾ അനുസരിച്ചു, മതബോധന ക്ലാസുകൾ കൃത്യമായി ക്രമീകരിച്ചിരിക്കുന്നു. വിശുദ്ധ കുർബ്ബാനക്കു ശേഷം രാവിലെ 9:30 മണിക്കു പ്രാരംഭ പ്രാർത്ഥനയോടുകൂടി വിശ്വാസ പരിശീലനം ആരംഭിക്കുന്നു. മുൻനിശ്ചയിച്ചപ്രകാരം അതാതു ക്ലാസ്സിലെ കുട്ടികൾ പ്രാരംഭ പ്രാർത്ഥന നടത്തുന്നു. പ്രതിജ്ഞ, എം സി സി എൽ ആന്തം, പ്രഥമാധ്യാപകരുടെ അറിയിപ്പ്, പൊതുക്ലാസ്സ് എന്നിവക്ക് ശേഷം കുട്ടികൾക്കു ലഘുഭക്ഷണം നൽകുന്നു. പിന്നീട് ഒരു മണിക്കൂർ ക്ലാസും അതിനു ശേഷം വീണ്ടും കുട്ടികൾ ഒരുമിച്ചുകൂടി പാപ്പാമംഗ

www.malankaralibrary.com



ളത്തോടു കൂടി ക്ലാസുകൾ അവസാനിക്കുന്നു. ഇടവക വികാരി വെരി. റവ. ഫാദർ എബ്രഹാം മണ്ണിൽ, അധ്യാപകർ, ഇടവക സന്ദർശിക്കുന്ന വിശിഷ്ട വ്യക്തികൾ എന്നിവർ പൊതുക്ലാസുകൾ എടുക്കുന്നു.

സഭയുടെ വിദ്യാർത്ഥി സംഘടനയായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) -ന്റെ ആനിമേറ്റർ ആയി ഗോൾഡി വർഗ്ഗീസ് ടീച്ചറും പ്രസിഡന്റായി എബിൻ റ്റി. വർഗ്ഗീസും, സെക്രട്ടറിയായി ജിഷ ഷിജുവും സേവനം അനുഷ്ഠിച്ചു വരുന്നു. ഇടവകയുടെ ആത്മീയവും ഭൗതീകവുമായ എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ കുഞ്ഞുങ്ങൾ വളരെ സജീവമായി പങ്കെടുക്കുന്നു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോകത്തിലെ തന്നെ വലിയ ക്വിസ് പരിപാടികളിലൊന്നായ ലോഗോസ് ക്വിസ് മത്സരത്തിൽ നമ്മുടെ കുഞ്ഞുങ്ങളും പങ്കെടുക്കുന്നു എന്നത് പ്രശംസാർഹമാണ്. ജില്ലാ-രൂപത കലോത്സവങ്ങളിൽ വളരെ ശ്രദ്ധേയമായ പ്രകടനം നടത്താനും സമ്മാനങ്ങൾ നേടാനും നമ്മുടെ കുട്ടികൾക്കു കഴിയുന്നു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങളും നൽകിവരുന്നു.

എല്ലാ വർഷവും നമ്മുടെ ഇടവകയിൽ വിദ്യാർത്ഥികൾക്കായി മലങ്കര ബൈബിൾ ഓറിയെന്റെഷൻ ക്യാമ്പ് (MBOC) സംഘടിപ്പിക്കുന്നു. അതുപോലെ സാധ്യമായ വർഷങ്ങളിലെല്ലാം കുട്ടികളുടെ മാനസീകോല്ലാസത്തിനായി വിനോദയാത്രകൾ സംഘടിപ്പിക്കാറുണ്ട്.

വിശ്വാസ പരിശീലനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും ഇടവക ജനങ്ങളുടെ ആത്മാർത്ഥമായ പിന്തുണ വളരെ പ്രശംസനീയമാണ്.

## അഭിനന്ദനങ്ങൾ!!!



**Adv. P.J. Abraham Purahoottu**
പാസ്റ്ററൽ കൗൺസിൽ അംഗം
പത്തനംതിട്ട രൂപത
നിലയ്ക്കൽ-എക്യുമെനിക്കൽ കൗൺസിൽ അംഗം



**Smt. Susamma Koshy**
സുവിശേഷസംഘം പ്രതിനിധി
പത്തനംതിട്ട രൂപത

www.malankaralibrary.com



# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)

മലങ്കര കത്തോലിക്ക സഭയുടെ യുവജന സംഘടന ആയ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി. വൈ.എം) യൂണിറ്റ് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും, യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചക്ക് അടിസ്ഥാനമാവുകയും ചെയ്യുന്നു. യുവജന മധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസം എം.സി.വൈ.എം ദിനം ജീവകാരുണ്യ പ്രവർത്തനങ്ങൾ, ശ്രമധാനം, രോഗി സന്ദർശനം, വൈദികരെ ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇടവകയിൽ നടത്തിവരുന്നു. ജില്ലാ രൂപതാ സമിതികളോട് ചേർന്നുനിന്ന് എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. യൂണിറ്റിന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ്, കേക്ക് ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുകയും, ലഭിച്ച ലാഭതുക ഉപയോഗിച്ച് കാരുണ്യ പ്രവർ ത്തനങ്ങൾ നടത്തുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ഇടവക വികാരി ബഹുമാനപ്പെട്ട എബ്രഹാം മണ്ണിൽ അച്ചന്റെ പ്രാർത്ഥനയും മാതൃകയും സംഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നു. യൂണിറ്റ് പ്രസിഡന്റായി മെൽവിൻ മനോജ് വരിക്കൊലിലും, സെക്രട്ടറിയായി ഷെർനറ്റി വർഗീസ് തെക്കേപുരയിടത്തിലും, ട്രഷറർ ആയി സിജു മാത്യു കൊങ്ങിണിക്കുന്നേലും സേവനം അനുഷ്ഠിക്കുന്നു. റാന്നി-പെരുനാട് വൈദികജില്ലാ ട്രഷറർ ആയി പ്രവർത്തിക്കുന്ന ലിന്റോ തോമസ് കുര്യൻ മണിപറമ്പിൽന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. സംഘടനയുടെ വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്യുന്ന എല്ലാ യുവജനങ്ങളോടും, ഇടവക ജനങ്ങളോടും, വൈദികരോടും ഉള്ള സംഘടനയുടെ പേരിലുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. അതോടൊപ്പം നമ്മിൽ നിന്ന് വാങ്ങിപ്പോയവരെ പ്രത്യേകം സ്മരിക്കുന്നു. നവതിയിൽ മുഴുകി നിൽക്കുന്ന നമ്മുടെ ഇടവക കൂട്ടായ്മ സമൃദ്ധമായി മുന്നോട്ടു പോകട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു....



www.malankaralibrary.com



# മാതൃവേദി



ഒരു ഇടവകയുടെ വളർച്ചയിൽ പ്രധാന പങ്ക് ആ ഇടവകയിലെ ഭക്ത സംഘടനകൾ ആണ് വഹിക്കുന്ന്. 1998ൽ രൂപംകൊണ്ട നമ്മുടെ ഇടവകയിലെ മാതൃവേദിയുടെ പ്രവർത്തനങ്ങളിലേക്ക് നമുക്ക് ഒന്ന് തിരിഞ്ഞുനോക്കാം.

എല്ലാ വെള്ളിയാഴ്ചയും 10 മണിക്ക് ജപമാല പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്നു. പാട്ട്, വേദവായന എന്നിവയ്ക്കുശേഷം ബഹുമാനപ്പെട്ട അച്ചൻ ക്ലാസ്സെടുക്കുന്നു. അതിനുശേഷം റിപ്പോർട്ട് വായന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടക്കുന്നു. മാസത്തിന്റെ അവസാനത്തെ വെള്ളിയാഴ്ച ഏതെങ്കിലും ഭവനങ്ങളിലും, ആശുപത്രികളിലും രോഗികളായിരിക്കുന്നവരെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുകയും, മരണവീടുകളിൽപോയി പ്രാർത്ഥിക്കുകയും ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

റാന്നി - പെരുനാട് വൈദിക ജില്ലയിലെ എല്ലാ ദേവാലയങ്ങളിലും വച്ച് നടത്തുന്ന സെമിനാറുകളിലും മദ്ധ്യസ്ഥ പ്രാർത്ഥനകളിലും നമ്മുടെ അമ്മമാർ സജീവമായി പങ്കെടുക്കുന്നു. ജൂലൈ മാസത്തിലെ മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയിലും മാർച്ച് മാസത്തിലും കുരിശുമാല പള്ളിയിൽ വച്ചു നടത്തുന്ന കുരിശിന്റെ വഴിയിലും അമ്മമാർ പങ്കെടുക്കുന്നു. എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ നടത്തുന്ന ജപമാല റാലിയിലും നമ്മുടെ അമ്മമാർ പങ്കുചേരുന്നു. വൈദിക ജില്ലയിലെ എല്ലാ കലോത്സവങ്ങളിലും നമ്മുടെ അമ്മമാർ പങ്കെടുക്കുകയും വിജയികളാകുകയും ചെയ്യുന്നു. ഇടവക നടത്തുന്ന കാരുണ്യ പ്രവർത്തനങ്ങളിലെല്ലാം നമ്മുടെ അമ്മമാർ പങ്കാളികളാകുന്നു. മാതൃവേദിയുടെ സ്തോത്രകാഴ്ച, ലേലം വിളിച്ചുകിട്ടുന്ന തുക എന്നിവയെല്ലാം ഇതിന് മുതൽകൂട്ടാണ്. നാളിതുവരെ ഞങ്ങൾക്കുവേണ്ട നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും നൽകി ഞങ്ങളുടെ മാതൃവേദി ഇത്രത്തോളം വിജയത്തിലെത്തിക്കാൻ സഹായിച്ച ഞങ്ങളുടെ എല്ലാ അച്ചന്മാരെയും സിസ്റ്റർമാരെയും നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു.

ഇപ്പോൾ ഇടവക വികാരിയായിരിക്കുന്ന ഞങ്ങളുടെ ബഹു. ഏബ്രഹാം മണ്ണിലച്ചന്റെ ക്ലാസ്സുകൾ ഞങ്ങൾക്ക് കൂടുതൽ ഉണർവ്വും ഉത്തേജനവും നൽകുന്നതാണ്. മാതൃവേദിയുടെ ഇപ്പോഴത്തെ വളർച്ചയ്ക്കു അച്ചൻ ഒരു മുതൽകൂട്ടാണ്. അച്ചന്റെ ക്ലാസുകളും പ്രാർത്ഥനകളും ധാരാളം അമ്മമാർ മാതൃവേദിയിലേക്ക് കടന്നുവരുന്നതിനും മാതൃവേദിയുടെ വളർച്ചയ്ക്കും കാരണമായിത്തീർന്നു. അച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥനയിലൂടെയും, സഹനത്തിലൂടെയും അമ്മമാർ കാണിക്കുന്നഇടവകയോടുള്ള സ്നേഹം നിസ്സീമമാണ്. കുടുംബത്തിന്റെ വിളക്കെന്നപോലെ ഇടവകയുടെ വിളക്കായ് അമ്മമാർ ശോഭിക്കട്ടെ.

www.malankaralibrary.com



# മലങ്കര കാത്തലിക്ക് അസോസിയേഷൻ (എംസിഎ) യൂണിറ്റ് മണ്ണാറക്കുളഞ്ഞി



മലങ്കര കത്തോലിക്കാ സഭയുടെ അല്മായ സംഘടനയായ മലങ്കര കാത്തലിക് അസോസിയേഷൻ (എംസിഎ) യൂണിറ്റ് ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്നു അൽമായരുടെ ഭൗതികവും ആത്മീയവുമായുള്ള വളർച്ചയ്ക്ക് ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവ വിഭാവനം ചെയ്ത എം സി എ സംഘടന ഇടവക ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് സുപ്രധാന പങ്കു വഹിക്കുന്നു എംസിഎ ദിനാചരണം വിശുദ്ധ മരിയവിയാനയുടെ തിരുനാൾ ദിവസം ബഹുമാനപ്പെട്ട വൈദികരെ ആദരിക്കൽ, ദൈവദാസന്മാർ ഇവാനിയോസ് അനുസ്മരണം, പരിസ്ഥിതി ദിനാചരണം,, വൃക്ഷത്തൈ വിതരണം, പച്ചക്കറി വിത്തു വിതരണം,, ജീവകാരുണ്യ പ്രവർത്തനങ്ങൾ,, രോഗി സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇടവകയിൽ നടത്തി വരുന്നു ജില്ലാ രൂപത സമിതികൾസംഘടിപ്പി ക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുകയും ജില്ലാ- രൂപതാ സമിതികൾ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് യൂണിറ്റിൽ പ്രവർത്തിക്കുകയും ചെയ്യുന്നു യൂണിറ്റ് ആത്മീയ ഉപദേ ഷ്ടാവ് ഇടവക വികാരി ബഹുമാനപ്പെട്ട എബ്രഹാം മണ്ണിൽ അച്ചന്റെ പ്രാർത്ഥനയും ഉപദേശങ്ങളും സംഘടനയെ ഏറെ ശക്തിപ്പെടുത്തുന്നു യൂണിറ്റ് പ്രസിഡണ്ടായി ശ്രീ, ജോബി തോണിപ്പാറക്കലും സെക്രട്ടറിയായി ശ്രീമതി ഗോൾഡി വർഗീസ് മൺപുരയിടത്തിലും ട്രഷറർ ആയി വർഗീസ് എം മാത്യു മൺപുരയിടത്തിലും സേവനം അനുഷ്ഠിക്കുന്നു രൂപതാ ആത്മീയ ഉപദേഷ്ടാവായി തിരഞ്ഞെടുത്ത നമ്മുടെ ഇടവക വികാരി ബഹുമാനപ്പെട്ട എബ്രഹാം മണ്ണിൽ അച്ചനും റാന്നി- പെരുനാട് വൈദിക ജില്ല വൈസ് പ്രസിഡണ്ട് മാരായി തെരഞ്ഞെടുക്കപെട്ട ശ്രീ,, വർഗീസ് എം മാത്യു മൺപുരയിടത്തിലിനും ശ്രീമതി എലിസബത്ത് കുര്യൻ മണിപ്പറമ്പിലിനും യൂണിറ്റിന്റെ അഭിനന്ദനമറിയിക്കുന്നു സംഘടനയിൽ പ്രവർത്തിച്ച് സഭയുടെ ആത്മീയ ഭൗതിക വളർച്ചയിൽ പങ്കാളികളായി നമ്മളിൽ നിന്ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയവരെ പ്രത്യേകം സ്മരിക്കുന്നു സംഘടനയുടെ വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്യുന്ന എല്ലാ വൈദികരോടും ഇടവക ജനങ്ങളോടുമുള്ള സംഘടനയുടെ പേരിലുള്ള പ്രത്യേകം നന്ദി അറിയിക്കുന്നു നവതി ആഘോഷിക്കുന്ന നമ്മുടെ ഇടവക കൂട്ടായ്മ സമൃദ്ധമായി മുന്നോട്ടു പോകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു

www.malankaralibrary.com



# വിൻസന്റ് ഡീ പോൾ സൊസൈറ്റി



സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കും വേദനിക്കുന്നവരിലേക്കും ഇറങ്ങിച്ചെന്ന് ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന ഒരു പ്രസ്ഥാനമാണ് സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി.

ഏകദേശം 150 രാജ്യങ്ങളിലായി ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നുവരുന്നു. 1833ൽ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം 190 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ പത്തനംതിട്ട സെൻട്രൽ കൗൺസിലിലെ മൈലപ്രാ ഏരിയാ കൗൺസിലിന്റെ കീഴിൽ സെന്റ് ക്രിസോസ്റ്റം കോൺഫറൻസ് 2003 മുതൽ പ്രവർത്തന നിരതമാണ്. ശ്രീ. ഇ.ജി. സാമുവൽ, ശ്രീ. സി.കെ. മാത്യു, ശ്രീ. സി.ജി. ജോയിക്കുട്ടി, ശ്രീമതി പൊന്നമ്മ തോമസ്, ശ്രീമതി സാറാമ്മ ജോയി എന്നിവർ കോൺഫറൻസിനെ കൂടുതൽ ശക്തിപ്പെടുത്തി. വികാരിമാരുടെ ഉപദേശങ്ങളും നേതൃത്വവും കോൺഫറൻസിന് കൂടുതൽ ഊർജ്ജം പകരുന്നു.

പാവപ്പെട്ടവർ, വേദനിക്കുന്നവർ എന്നിവരെ ശുശ്രൂഷിക്കുക വഴി ക്രിസ്തുവിനുതന്നെയാണ് ശുശ്രൂഷ ചെയ്യുന്നത് എന്ന ബോധ്യത്തോടെ ഇടവകയിലെ വിൻസെന്റ് ഡിപോൾ സൊസൈറ്റി പ്രവർത്തിക്കുന്നത്. സൊസൈറ്റിയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി സുമനസ്സുകൾ നൽകുന്ന കരുതലിന് സൊസൈറ്റി എന്നും കടപ്പെട്ടിരിക്കുന്നു.

കോൺഫറൻസിന്റെ ഇപ്പോഴത്തെ പ്രസിഡന്റായി ശ്രീ. ജോസഫ് സാമുവലും, സെക്രട്ടറിയായി ശ്രീമതി സൂസമ്മ സണ്ണിയും, ട്രഷററായി ശ്രീമതി എലിസബേത്ത് കുര്യനും പ്രവർത്തിക്കുന്നു.

പത്തനംതിട്ട സെൻട്രൽ കൗൺസിൽ ജോയിന്റ് സെക്രട്ടറിയായി കോൺഫറൻസിലെ ശ്രീ. ജോസഫ് സാമുവൽ 2022 ഏപ്രിൽ മുതൽ പ്രവർത്തിച്ചുവരുന്നു. ഏരിയ കൗൺസിലിന്റെ മാസംതോറും നടത്തിവരാറുള്ള കൂടിവരവിൽ കോൺഫറൻസ് പ്രതിനിധികൾ പങ്കെടുക്കാറുണ്ട്. പത്തനംതിട്ട സെൻട്രൽ കൗൺസിൽ വർഷംതോറും നടത്താറുള്ള ഓസാനാം ഫെസ്റ്റിൽ ഇടവകയിൽനിന്നും നല്ല പങ്കാളിത്തം നൽകാറുണ്ട്.

സി.സി. പ്രസിഡന്റ് ബ്രദർ വി.റ്റി. രാജൻ സാറും, ഭാരവാഹികളും മണ്ണാരക്കുളഞ്ഞി കോൺഫറൻസിനോടു കാണിക്കുന്ന സ്നേഹത്തിനും കരുതലിനും നന്ദി അറിയിക്കുന്നു. മൈലപ്രാ എ.സി. പ്രസിഡന്റ് ബ്രദർ ജോസ് സാറും ഭാരവാഹികളും കോൺഫറൻസിനോടു കാണിക്കുന്ന കരുതലിനും, സ്നേഹത്തിനും ഞങ്ങൾ എല്ലായ്പ്പോഴും കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



# നവതിയുടെ നാൾവഴികൾ



**സണ്ണി**
കണ്ണൻമണ്ണിൽ

മദ്ധ്യതിരുവിതാംകൂറിന്റെ വടക്കേഅറ്റത്തുള്ള പത്തനംതിട്ട പ്രദേശത്തിന്റെ, മൈലപ്രക്കരയിൽ വിത്തെറിഞ്ഞാൽ നൂറുമേനി വിളവുലഭിക്കുന്ന മണ്ണിന് ആഴമുള്ളതും (വളക്കുറുള്ള) വിളസമൃദ്ധിക്ക് ആവശ്യമുള്ള ജലസാന്നിദ്ധ്യമുള്ള കുളങ്ങൾ കൂടുതലുള്ള പ്രദേശം, കൂടാതെ ക്രിസ്തു ശിഷ്യനും, ഭാരത അപ്പോസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായുടെ നിലയ്ക്കൽ നിരണം - കൊല്ലം പ്രേഷിത സഞ്ചാര പാതയിൽപ്പെട്ട അനുഗൃഹീതമായ സ്ഥലം മണ്ണാരക്കുളഞ്ഞി എന്ന പേരിലറിയപ്പെടുന്നു.

ഭാരത ക്രൈസ്തവ സഭ സാർവ്വത്രിക കൂട്ടായ്മ നഷ്ടപ്പെട്ടപ്പോൾ1930 സെപ്തംബർ 20ന് പുണ്യചരിതനായ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ ആരംഭിച്ച പുനരൈക്യ വഴി ക്രിസ്തുനാഥന്റെ വികാരിയും സാർവ്വത്രിക സഭയുടെ ദൃശ്യതലവനുമായ വി. പത്രോസിന്റെ ശ്ലൈഹിക സഭയോട് ഐക്യപ്പെട്ട് സാർവ്വത്രികത വീണ്ടെടുത്ത് മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകവും പാരമ്പര്യവും ഉൾക്കൊണ്ട് മലങ്കര കത്തോലിക്കാ സഭ നിലവിൽ വന്നതിന്റെ ഭാഗമായി 1932 ജൂൺ 9ന് മൈലപ്ര പ്രദേശത്ത് ആദ്യത്തെ മലങ്കര കത്തോലിക്കാ ദേവാലയം സ്ഥാപിതമായി.

കാടുവെട്ടിത്തെളിച്ച് പ്രകൃതിയോട് മല്ലടിച്ച് ജീവിതം കെട്ടിപ്പടുക്കുവാൻ രാവോളം വിശ്രമമില്ലാതെ അദ്ധ്വാനിച്ച കർഷക കുടുംബങ്ങളായിരുന്നു മണ്ണാരക്കുളഞ്ഞിയിലെ ആദ്യകാല 7 കുടുംബങ്ങൾ മാത്രം ഉള്ള മലങ്കര വിശ്വാസികൾ. അതിനുമപ്പുറം ദൈവാശ്രയ ബോധത്തോടെ കുഞ്ഞുങ്ങളേയും, കുടുംബാംഗങ്ങളേയും വിശ്വാസത്തിൽ വളർത്തുവാനും, മണ്ണാരക്കുളഞ്ഞിയിലെ സഭാമക്കൾ ഏറ്റവും ശുഷ്ക്കാന്തിയുള്ളവരായിരുന്നു. അതിനുള്ള തെളിവായി മൂന്നു നാലു മൈലുകൾ താണ്ടി മൈലപ്ര ദേവാലയത്തിൽ എല്ലാ ഞായറാഴ്ചകളിലും കുടുംബസമേതം വിശുദ്ധ ആരാധനയിൽ പങ്കെടുത്തിരുന്നു. യോഗ്യമായ വഴിത്താരകളോ, നടപ്പാതകളോ ഇല്ലാത്ത മണ്ണാരക്കുളഞ്ഞിയുടെ വിവിധ സ്ഥലങ്ങളിൽ പാർത്തിരുന്ന വിശ്വാസികൾ ചൂട്ടുകത്തിച്ചും, അരക്കുകോൽ കത്തിച്ചുമുള്ള വെളിച്ചത്തിൽ ഇഴജന്തുക്കളെ പേടിച്ച് കല്ലും മുള്ളും നിറഞ്ഞ വഴികൾ താണ്ടിയാണ് ക്രിസ്തുമസ് പാതിരാത്രി കുർബ്ബാനയിലും, പെസഹാ തിരുന്നാൾ രാത്രിയിലും കുടുംബസമേതം മൈലപ്രാ പള്ളിയിലെത്തി പ്രാർത്ഥിച്ചിരുന്നത്.

ഈ ബുദ്ധിമുട്ടുകൾ ഉള്ളിൽ കനലുകളായിരുന്ന സഭാമക്കൾ ദുഃഖവെള്ളി ശുശ്രൂഷയ്ക്കായി മൈലപ്രാ ദേവാലയത്തിലെത്തിയ അഭിവന്ദ്യ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ മുട്ടിന്മേൽനിന്ന് മണ്ണാരക്കുളഞ്ഞിയിൽ മലങ്കര കത്തോലിക്കാസഭയുടെ ഒരു പള്ളി വേണമെന്ന് അപേക്ഷിച്ച പ്രകാരം അഭിവന്ദ്യ പിതാവ് വിശ്വാ

www.malankaralibrary.com



സികളുടെ കണ്ണീരിൽ കുതിർന്ന ആവശ്യം അംഗീകരിച്ചതിൻപ്രകാരം 1933-ൽ മണ്ണാര ക്കുളഞ്ഞിയിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ആദ്യ ദേവാലയം സ്ഥാപിച്ചു.

മുളയും, തെങ്ങും വെട്ടുകല്ലും ഓടും കൊണ്ട് പണിത ആദ്യ പള്ളിയുടെ സ്ഥാനത്ത് പിന്നീട് ബലവത്തായ ഒരു പുതിയ ദേവാലയം നിർമ്മിക്കുന്നതിനെക്കുറിച്ച് 1961-ൽ 50ൽ താഴെ ഇടവകാംഗങ്ങൾ മാത്രമുണ്ടായിരുന്ന കൂട്ടായ്മ ആലോചിക്കുകയും സാമ്പത്തികമായി കഴിവുള്ള വർ നിർലോഭമായി പണവും സാധനങ്ങളും കൊടുത്തു. മറ്റുള്ളവർ പകൽ സമയത്തെ അവ രുടെ ജോലിക്കുശേഷം രാത്രിയിൽ കരിങ്കല്ലു ചുമ ന്നും, വാനം തോണ്ടിയും, കുമ്മായം അടിച്ചും ശ്രമ ദാനം ചെയ്ത് സഹായിക്കുവാൻ സന്നദ്ധമായ തിനൊപ്പം സഭാതലവന്റെ സാമ്പത്തിക സഹാ യവും ലഭിച്ചപ്പോൾ വെട്ടുകല്ലു കെട്ടിയ പള്ളി യുടെ സ്ഥാനത്ത് ഇന്നു കാണുന്ന മനോഹരമായ ദേവാലയം സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് എന്ന് അറിയപ്പെടുന്ന വി. ജോൺ ക്രിസോസ്റ്റമിന്റെ നാമത്തിൽ കൂദാശ ചെയ്ത് ആരാധനയ്ക്കായി തുറന്നു നൽകി.

മതസൗഹാർദ്ദത്തിന്റെ വേറിട്ട പ്രവർ ത്തന കേന്ദ്രമായിട്ടാണ് ഈ ദേവാലയത്തെ ജന ങ്ങൾ നോക്കിക്കാണുന്നത്. നവതി ആഘോഷി ക്കുന്ന ഈ ദേവാലയത്തിന് ശുദ്ധമായ പാരമ്പര്യം തുടർന്നും നിലനിർത്തുവാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നതോടൊപ്പം പാവങ്ങളോടുള്ള കരുണയും ജനസഹസ്രങ്ങളുമായുള്ള ഇടപെട ലുകൾകൊണ്ടും ഹൃദയനൈർമ്മല്യമുള്ള നിര വധി വ്യക്തിത്വങ്ങൾ ഈ ഇടവകയുടെ പരിശ്രമം കൊണ്ട് വളർന്നുവരട്ടെയെന്ന് ആശംസിക്കുന്നു.

ആശംസകളോടെ....



സണ്ണി കണ്ണൻമണ്ണിൽ & ഫാമിലി

www.malankaralibrary.com



# നവതിയുടെ അനുഭവം



**സിബിൻ ഗീവർഗീസ് ജോൺ**
കളീക്കൽ

മണ്ണാറക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റോം മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നവതി ആഘോഷിച്ചുവരികയാണല്ലോ. 1933ൽ വെറും 7 കുടുംബങ്ങൾ മാത്രമായി തുടങ്ങിയ ഈ ദേവാലയം ഇന്ന് 79 കുടുംബങ്ങളായി വളർന്നു പന്തലിച്ചിരിക്കുകയാണ്. നവതിമൂലം ദൈവത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച് യുക്തിപരമായി ചിന്തിച്ച് അന്ധവിശ്വാസങ്ങളിൽ ഏർപ്പെടാതെ കാലത്തിന് അനുസരിച്ച് മാറി വളർച്ചയുടെ ഓരോ പടവും കയറുന്ന അത്ഭുത സമൂഹമായി നമ്മൾ മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നവതി ഒരു ദൈവികമായ അനുഭവമാണ്., ദൈവത്തിന്റെ സ്നേഹവും, കരുണയും നമ്മുടെ ജീവിതത്തിലേക്ക് ഒഴുകുകയും നമ്മെ പരിവർത്തനം ചെയ്യുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്.

നവതിയുടെ ആദ്യദിനങ്ങളിൽ ദൈവത്തിന്റെ ദൈവസാന്നിധ്യം നമ്മുടെ ജീവിതത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് നാം തിരിച്ചറിയുന്നു. പാപികളായ നാം ദൈവത്തിൽനിന്ന് അകന്നിരിക്കുന്നവരാണ്.

എന്നാൽ, നവതിയുടെ ദിവസങ്ങൾ കടന്നുപോകുമ്പോൾ ദൈവം നമ്മുടെ ജീവിതത്തിൽപ്രവർത്തിക്കുവാൻ തുടങ്ങുന്നു. അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നു നമ്മെ സ്നേഹിക്കുന്നു നമ്മെ പരിവർത്തനം ചെയ്യുന്നു.

നവതിയുടെ ഈ ദിവസങ്ങളിൽ നാം ദൈവത്തിന്റെ സ്നേഹവും കരുണയും നിറഞ്ഞവരായി മാറുന്നു. ദൈവത്തോട് അടുത്തുനിൽക്കുന്നവരായി മാറുന്നു. നവതിയുടെ അനുഭവം നമ്മുടെ ജീവിതത്തെ മാറ്റുന്നു. ദൈവത്തിന്റെ സ്നേഹവും കരുണയും നമ്മുടെ ജീവിതത്തിലെ അടിസ്ഥാനമായി മാറുന്നു. നവതിയുടെ അനുഭവത്തിൽ ചില പ്രത്യേക വശങ്ങൾ നമുക്ക് ഒന്ന് വിചിന്തനം ചെയ്യാം.

**1. പാപത്തിന്റെ അനുതാപം**

ആദ്യ ദിവസങ്ങളിൽ നാം നമ്മുടെ പാപങ്ങളെക്കുറിച്ച് ചിന്തിക്കാനും അവയെക്കുറിച്ച് ദൈവത്തോട് ക്ഷമ ചോദിക്കാനും തുടങ്ങുന്നു

**2. ദൈവസ്നേഹത്തിന്റെ അനുഭവം**

നവതിയുടെ ദിവസങ്ങൾ കടന്നുപോകുമ്പോൾ ദൈവസ്നേഹവും, കരുണയും നമ്മുടെ ജീവിതത്തിൽ വളരെ വ്യക്തമായി അനുഭവപ്പെടുന്നു

**3 പുതിയ ജീവിതത്തിലേക്കുള്ള ഒരു വിളി**

നവതി നമ്മെ പുതിയ ജീവിതത്തിലേക്ക് നയിക്കുന്നു. പാപത്തിൽനിന്ന് മാറി ദൈവത്തിന് കൂടുതൽ അനുയോജ്യമായ ജീവിതം നയിക്കാൻ തുടങ്ങുന്നു. നവതിയുടെ അനുഭവം ഒരുവ്യക്തിഗത അനുഭവമാണ്. ദൈവത്തിന്റെ സ്നേഹവും കരുണയും അനുഭവിക്കാൻ നമുക്ക് സമയം ചെലവഴിക്കാം. ഈ ഇടവക നവതിയുടെ നിറവിൽ നിൽക്കുമ്പോൾ അതുരസേവനം, പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്, പഠിക്കാൻ ധനസഹായം, ഭവന നിർമ്മാണം, എം.സി.വൈ.എം.ന്റെകീഴിൽ, രക്തദാനം, ഫുഡ് ഫെസ്റ്റ് എന്നീ കാരുണ്യപ്രവർത്തിയിലൂടെ സമൂഹത്തിന് നല്ലൊരു മാതൃക കാണിച്ചുകൊടുക്കാൻ ഈ ഇടവകയ്ക്ക് സാധിച്ചു. ബഹു. ഏബ്രഹാം മണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ ഇടവകയുടെ പ്രവർത്തനം പ്രാർത്ഥനാനിർഭരമായി മുന്നോട്ടുപോകുന്നു.

ദൈവത്തിന് സ്തുതി, നാടിനും നാട്ടുകാർക്കും അനുഗ്രഹ സ്രോതസ്സായി ഈ ഇടവക നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



# നവതി കർമ്മ പരിപാടികൾ ....

- നവതി സ്മാരകഭവന പദ്ധതി
- വിദ്യാഭ്യാസ സഹായം
- ചികിത്സാ സഹായം
- ദൈവാലയത്തിന്റെയും സെമിത്തേരിയുടേയും നവീകരണം
- ലഹരി വിരുദ്ധ ക്യാമ്പേയിൻ
- ഭവനാശീർവാദവും വിശുദ്ധന്റെ ഛായാ ചിത്ര പ്രതിഷ്ഠയും
- ഭക്ത സംഘടനകളുടെ സംഘമം
- ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രത്തെ ആസ്പതമാക്കി നവതി മെഗാ ക്വിസ്
- തീർത്ഥാടനം
- എക്യൂമിനിക്കൽ സമ്മേളനം
- ധ്യാനം ,വചന പ്രഘോഷണങ്ങൾ
- മെഡിക്കൽ ക്യാമ്പ് , ജീവിത ശൈലി രോഗങ്ങൾക്കെതിരായുള്ള ബോധവൽക്കരണം









www.malankaralibrary.com
















www.malankaralibrary.com







**നവതിസ്മാരക ഓഫീസ് മന്ദിരം**



**നവതി ഭവനം**





**നവതി ഭവനത്തിന്റെ കൂദാശ**

www.malankaralibrary.com

# 57–ാം വിവാഹ വാർഷിക ആശംസകൾ



## സി.സി. തോമസ് & ആനിയമ്മ
ചരിവുപുരയിടത്തിൽ



വയലിൻ വെസ്റ്റേൺ (എച്ച്.എസ്.എസ്.) വിഭാഗത്തിൽ
സംസ്ഥാനതലത്തിൽ എ ഗ്രേഡും
പത്തനംതിട്ട ജില്ലാ കലോത്സവത്തിൽ
FIRST A GRADE ഉം ലഭിച്ച
**ഡാനിൽ സജുവിന്**
ആശംസകൾ



www.malankaralibrary.com











www.malankaralibrary.com



നവതി ആഘോഷിക്കുന്ന
മണ്ണാറക്കുളഞ്ഞി
സെന്റ് ജോൺ ക്രിസോസ്റ്റം
മലങ്കര കത്തോലിക്കാ ദേവാലയത്തിന്
ആശംസകളോടെ....

**മുടയ്ക്കമെണ്ണിൽ കുടുംബം**
**മണ്ണാറക്കുളഞ്ഞി**

with best compliments from

**HARIDAS**
**9947359681**
**9961369323**






**പാറ, മെറ്റിൽ**
**പി. സാന്റ്, എം. സാന്റ്**
എന്നിവ ഉത്തരവാദിത്വത്തോടുകൂടി
സൈറ്റിൽ ഇറക്കിക്കൊടുക്കപ്പെടും

www.malankaralibrary.com

# ഇടവകയുടെ ആദരവുകൾ....



നാലു പതിറ്റാണ്ട് ഇടവകയുടെ പ്രധാന
ശുശ്രൂഷകനായി സേവനമനുഷ്ഠിച്ച
**ശ്രീ. എം.സി. തോമസ്**
മുടയ്ക്കമെണ്ണിൽ

heavenly paints
PAINT MART, PAINTING WORKS, SPECIALIZED WATER PROOFING

പത്തനംതിട്ട ടൗണിൽ, വെട്ടിപ്പുറം റോഡിൽ, കെ.എസ്.ഇ.ബി. ഓഫീസിന് സമീപം
ഫോൺ : 9496550302, 9446525780, 7034648484

പരിചയ സമ്പന്നരായ പെയിന്റർമാരുടെ നേതൃത്വത്തിൽ
പെയിന്റിംഗ്/ വാട്ടർപ്രൂഫിംഗ് വർക്കുകൾ ഉത്തരവാദിത്വത്തോടുകൂടി
പത്തനംതിട്ട ജില്ലയിൽ എവിടെയും ചെയ്തു നൽകുന്നു

Authorised Dealer :
JSW PAINTS

www.malankaralibrary.com





**മറിയാമ്മ ഗീവർഗീസ് & മാത്തൻ ഗീവർഗീസ്**
(Died on : 26.08.1974) (Died on : 18.01.1978)
ഇളവുംമഠത്തിൽ



**ഇ.ജി. സാമുവൽ**
(Born on : 25.01.1936
Died on : 06.11.2019)
ഇളവുംമഠത്തിൽ




**പി.എം. ജോഷ്വാ**
Died on : 18.10.20211
പതാലിൽ

www.malankaralibrary.com





**കൊച്ചെപ്പ് ഗീവർഗീസ്**
(ഇട്ടിയച്ചൻ)
മൺപുരയിടത്തിൽ



**ജോർജ്ജ് വർഗീസ്**
(തങ്കച്ചൻ)
മൺപുരയിടത്തിൽ



**എം.ഐ.ജോർജ്ജ് & ഏലിയാമ്മ ജോർജ്ജ്**
മൺപുരയിടത്തിൽ

www.malankaralibrary.com

# പാവന സ്മരണയ്ക്ക്



**സി.എം. ജോർജ്ജ്**
Died on : 8.07.2019
ചിറ്റക്കാട്ട്



**സി.കെ. മാത്യു**
Died on : 31.01.2015
ചിറക്കടവിൽ



**അന്നമ്മ മാത്യു**
Died on : 21.07.2020
ചിറക്കടവിൽ

www.malankaralibrary.com

# പാവന സ്മരണയ്ക്ക്



**കെ.ഐ. മത്തായി**
Died on : 24.09.1985
കാലായിൽ



**കെ.എം. ജോഷ്വാ**
Died on : 17.06.2009
കാലായിൽ




**പി.കെ. ജോസഫ് & മറിയാമ്മ ജോസഫ്**
Died on : 06.01.2023 Died on : 17.12.2012
പുറത്തൂട്ട്

www.malankaralibrary.com

# പാവന സ്മരണയ്ക്ക്



**കെ.വി. ഉമ്മൻ**
കളീക്കൽ
(മരണം : 15.2.2019)



**ചാക്കോ വർഗീസ്**
കളീക്കൽ
(മരണം : 6.6.1985)



**അന്നമ്മ ചാക്കോ**
കളീക്കൽ
(മരണം : 13.10.1968)

www.malankaralibrary.com





**കെ.എം. ചാക്കോ**
കണ്ണൻമണ്ണിൽ



**കെ.എം. തോമസ്**
കണ്ണൻമണ്ണിൽ



**കെ.എം. സാമുവൽ & സാറാമ്മ സാമുവൽ**
കണ്ണൻമണ്ണിൽ

www.malankaralibrary.com

# പാവന സ്മരണയ്ക്ക്



**ഇടിച്ചെറിയ മത്തായി & ഏലിയാമ്മ**
കണ്ണൻമണ്ണിൽ



**കെ.എം. ജോയി**
കണ്ണൻമണ്ണിൽ



**റ്റി.ഡി. രാജു**
തെക്കേപുരയിടത്തിൽ

www.malankaralibrary.com





**അന്നമ്മ ജോർജ്ജ് & സി.എം. ജോർജ്ജ്**

Died on : 18.08.2006    Died on : 03.02.1987

ചിറക്കടവിൽ



**പൊന്നമ്മ മാത്യു & പി.ജെ. മാത്യു**

Died on : 25.09.2005  Died on : 11.07.1995

പറപ്പള്ളിൽ

**Inserted by: Babu & Family USA**

www.malankaralibrary.com





ജോർജ്ജ് മാത്യു & വത്സമ്മ മാത്യു

Died on : 09.02.2009 Died on : 12.06.2018

കളീക്കൽ



കെ.വി. ജോർജ്ജ് & തങ്കമ്മ ജോർജ്ജ്

Died on : 09.10.2017 Died on: 11.12.2000

കളീക്കൽ

www.malankaralibrary.com

# CHOIR





ഇടവകയിലെ അൾത്താര ശുശ്രൂഷകർ

www.malankaralibrary.com



# നവതിഗാനം

റെജി മലയാലപ്പുഴ

കരങ്ങൾ കൂപ്പി വണങ്ങാം...
തിരി തെളിച്ച് സ്തുതിക്കാം...
പരിപാലന, ദൈവ പരിപാലന
തൊണ്ണൂറാണ്ടിൻ പരിപാലന ....
ദേവപരിപാലന..

നവതി, നവതി, നവതി
മിഴിവേകും, അഴകേകും നവതി
ആത്മീയ ചൈതന്യ നവതി ...
വിശ്വാസ ദീപ്ത നവതി

തിരുസഭ തന്നിൽ കടാക്ഷമേകി
ദൈവദാസൻ മാർ ഇവാനിയോസ് ....
ദേവാലയത്തിന് ദർശനമേകും
സ്വർണ്ണ നാവിൻ നാമം
വിശുദ്ധ ജോൺ ക്രിസോസ്റ്റം
നവതി, നവതി, നവതി
മിഴിവേകും, അഴകേകും നവതി
ആത്മീയ ചൈതന്യ നവതി ...
വിശ്വാസ ദീപ്ത നവതി
ഇരുളുകളകലാൻ ഒരുമയോടെന്നും
കൈകൾ കൂപ്പുന്നാ...ലയം....
ദേവാലയം ഇത് സ്വർഗ്ഗാ ...ലയം...
മണ്ണാരക്കുളഞ്ഞി തൻ സ്നേഹാലയം
ആത്മീയ ജീവാലയം..
നവതി, നവതി, നവതി
മിഴിവേകും, അഴകേകും നവതി
ആത്മീയ ചൈതന്യ നവതി ...
വിശ്വാസ ദീപ്ത നവതി
വിശ്വാസ വഴികളിൽ
വിമലഹൃദയരാം
പൂർവികർ തെളിയിച്ച ദീപാ ...ലയം..
സ്നേഹാലയം ഇത് സ്വർഗാലയം
നാടിൻ പെരുമ തൻ ഹൃദയാലയം.....
ആത്മീയ ജീവാലയം ....
നവതി, നവതി, നവതി
മിഴിവേകും, അഴകേകും നവതി
ആത്മീയ ചൈതന്യ നവതി ...
വിശ്വാസ ദീപ്ത നവതി
നവതി വർഷത്തിൻ ഹർഷങ്ങളിൽ
ഘോഷിക്കാം പ്രാർഥന
ആശംസകൾ.
ഏകിടാം മലർമാല പൂജകൾ
നന്ദി നിറയും മനസുമായി
തവ തിരു ഗേഹത്തിൽ
നവതി, നവതി, നവതി
മിഴിവേകും, അഴകേകും നവതി
ആത്മീയ ചൈതന്യ നവതി ...
വിശ്വാസ ദീപ്ത നവതി



ഇടവകയുടെ ഡിജിറ്റൽ യുഗത്തിന് പുത്തൻ ഉണർവേകുന്ന ജെറിൻ സണ്ണി മണിപ്പറമ്പിൽ ഇടവകയുടെ നവതി ലോഗോയും ഈ സ്മരണികയുടെ കവർ പേജും ഭംഗിയായി ചിട്ടപ്പെടുത്തി. ജെറിന് പ്രത്യേകം നന്ദി.

www.malankaralibrary.com

# നന്ദി.....

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തോട് ചേർന്ന് നിൽക്കുന്ന മണ്ണാറക്കുളഞ്ഞി എന്ന ഈ ഗ്രാമത്തിൽ മാർ ഇവാനിയോസ് പിതാവിൻറെ അനുഗ്രഹത്തോടെ ബഹുമാനപ്പെട്ട ഗീവർഗീസ് ചരുവിലേത്ത് അച്ചൻ മുഖാന്തരം 1933ൽ സ്ഥാപിത മായതും മൈലപ്ര അച്ചന്റെ വിശ്വാസചൈതന്യത്തിൽ വളർത്തപ്പെട്ടതുമായ മണ്ണാറക്കുളഞ്ഞി സെൻറ് ജോൺ ക്രിസോസ്റ്റോം മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിന്റെ ഒരു വർഷം നീണ്ടുനിന്ന നവതി ആഘോഷങ്ങളുടെ ഭാഗമായി നിറവ് എന്ന പേരിൽ ഈ സ്മരണിക പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യവും നന്ദിയും ഏറെയുണ്ട്

സർവ്വശക്തനായ ദൈവത്തോടുള്ള പ്രഥമ നന്ദിർപ്പണം പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു

നവതി ആശംസകൾ നൽകി അനുഗ്രഹിച്ച സഭയുടെ തലവനും പിതാവും ആയ അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായോടും പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് പിതാവിനോടും പത്തനംതിട്ട രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റോം പിതാവിനോടും ഇടവകയുടെ ചരിത്രം എഴുതി നൽകിയ ഇടവക വികാരി ബഹുമാനപ്പെട്ട എബ്രഹാം മണ്ണിൽ അച്ചനോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു

ലേഖനങ്ങൾ ,ചിത്രങ്ങൾ നൽകിയവർ ഇടവകയുടെ ട്രസ്റ്റി, സെക്രട്ടറി , നവതി കമ്മിറ്റി അംഗങ്ങൾ യുവജന സുഹൃത്തുക്കൾ ഏവരോടും നന്ദി അറിയിക്കുന്നു.





പരസ്യങ്ങൾ നൽകി ഈ സ്മരണിക പ്രസിദ്ധീകരിക്കുവാൻ സാമ്പത്തി കമായി സഹായിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു.

ഇടവകയുടെ ആരംഭം മുതൽ ഈ ഇടവകയെ കൈപിടിച്ചു നടത്തിയ മെത്രാന്മാർ, വൈദികർ , വിശ്വാസം പകർന്നു നൽകിയ മാതാപിതാക്കൾ, ഗുരുക്ക ന്മാർ ഏവരെയും പ്രാർത്ഥനയോടെ ഓർക്കുന്നു.

ഇടവകയിൽ ശുശ്രൂഷ ചെയ്ത് സ്വർഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട എല്ലാ വന്ദ്യ പിതാക്കന്മാരെയും, വന്ദ്യ വൈദികരെയും ആദരവോടെ ഓർക്കുന്നു.

ഇടവകയുടെ ഡിജിറ്റൽ യുഗത്തിന് പുത്തൻ ഉണർവേകുന്ന ജെറിൻ സണ്ണി മണിപ്പറമ്പിൽ ഇടവകയുടെ നവതി ലോഗോയും ഈ സ്മരണികയുടെ കവർ പേജും ഭംഗിയായി ചിട്ടപ്പെടുത്തി. ജെറിന് പ്രത്യേകം നന്ദി.

ഗ്രാഫിക്സിൽ സഹായിച്ച അനിൽ ഫോക്കസ് ഗ്രാഫിക്സിനോടും പ്രത്യേകം നന്ദി അറിയിക്കുന്നു ഈ സ്മരണിക പ്രസിദ്ധീകരിക്കാൻ സഹായിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു..

സ്നേഹപൂർവ്വം

**ജോസഫ് സാമുവൽ & റെജിജോസഫ്**

www.malankaralibrary.com





## SALIENT FEATURES

- Quality education through holistic development
- Experienced, well trained and dedicated faculty
- Excellent sporting facilities
- Well equipped labs
- Clean & Healthy environment
- Cocurricular activities
- Clean and hygenic environment

Affordable Fee
Bus Facility to all Routes
Boarding for Boys & Girls
No Donation



# 2024 ADMISSION OPEN

**Pre KG - XII**

6238028935
8547159148
9446044874
9961333051



# MOUNT BETHANY PUBLIC SCHOOL KUMBAZHA



**Affiliated to CBSE, New Delhi**
**Affiliation No. 930716**

Kumbazha P.O. Pathanamthitta Dist.
Kerala, Pin - 689653

Mount Bethany Public School

ADMISSIONS STARTED....

## XI STREAM



### SCIENCE

Bio- Maths
Bio - Computer Science
Maths - Computer Science
Bio - Psychology

### COMMERCE

Commerce - Maths
Commerce - IP

### HUMANITIES